# രക്തപുഷ്പങ്ങൾ

ചങ്ങമ്പുഴ കൃഷ്ണപിള്ള

# രക്തപുഷ്പങ്ങൾ

**കവിതാസമാഹാരം**

## ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

**താളിളക്കം**

**2020**

പേര്: **രക്തപുഷ്പങ്ങൾ**

ഭാഷ മലയാളം

വിഭാഗം: കവിതാസമാഹാരം

രചന: ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

# ഉള്ളടക്കം

വാഴക്കുല
കൊടുങ്കാറ്റ് കഴിഞ്ഞ്
നവവർഷനാന്ദി
തീപ്പൊരി
മാവിൻചുവട്ടിൽ
രാഗഗീതി
മാപ്പു നൽകണമേ!
ദാരിദ്ര്യത്തിന്റെ മുമ്പിൽ
ആ കൊടുങ്കാറ്റ്
കവിയുടെ പൂമാല
ഉന്മാദത്തിന്റെ ഓടക്കുഴൽ ജീവിതത്തിന്റെ നെടുവീർപ്പ്
ഇന്നത്തെ നില
വിജയഗീതം
പരിവർത്തനം

## വാഴക്കുല

മലയപ്പുലയനാ മാടത്തിൻമുറ്റത്തു
മഴ വന്ന നാളൊരു വാഴ നട്ടു.
മനതാരിലാശകൾപോലതിലോരോരോ
മരതകക്കൂമ്പു പൊടിച്ചുവന്നു.
അരുമക്കിടാങ്ങളിലൊന്നായതിനേയു -
മഴകിപ്പുലക്കള്ളിയോമനിച്ചു.

മഴയെല്ലാം പോയപ്പോൾ, മാനം തെളിഞ്ഞപ്പോൾ
മലയന്റെ മാടത്ത പാട്ടു പാടി.
മരമെല്ലാം പൂത്തപ്പോൾകുളിർക്കാറ്റു വന്നപ്പോൾ
മലയന്റെ മാടവും പൂക്കൾ ചൂടി.
വയലില് വിരിപ്പു വിതയ്ക്കേണ്ടകാലമായ്
വളരെപ്പണിപ്പാടു വന്നുകൂടി.
ഉഴുകുവാൻരാവിലെ പോകും മലയനു -
മഴകിയും — പോരുമ്പോളന്തിയാവും.
ചെറുവാഴത്തയ്യിനു വെള്ളമൊഴിക്കുവാന്
മറവി പറ്റാറില്ലവർക്കു ചെറ്റും .
അനുദിനമങ്ങനെ ശുശ്രൂഷ ചെയ്കയാ -
ലതു വേഗവേഗം വളർന്നുവന്നു ;
അജപാലബാലനിൽ ഗ്രാമീണബാലത -
ന്നനുരാഗകന്ദളമെന്നപോലെ !

പകലൊക്കെപ്പൈതങ്ങളാ വാഴത്തൈത്തണല് -
പ്പരവതാനിക്കുമേല് ചെന്നിരിക്കും .
പൊരിയും വയറുമായുച്ചക്കൊടുംവെയില്
ചൊരിയുമ്പൊ,ഴുതപ്പുലക്കിടാങ്ങള്,
അവിടെയിരുന്നു കളിപ്പതു കാണ്കിലേ -
തലിയാത്ത ഹൃത്തുമലിഞ്ഞുപോകും !
കരയും, ചിരിക്കു,മിടക്കിടെത്തമ്മിലാ -
'ക്കരുമാടിക്കുട്ടന്മാർ' മല്ലടിക്കും!
അതുകാൺകെപ്പൊരിവെയ്യിലിന് ഹൃദയത്തില്ക്കൂടിയു -
മലിവിന്റെ നനവൊരു നിഴല് വിരിക്കും !

അവശന്മാരാർത്തന്മാർ ആലംബഹീനന്മാ-
രവരുടെ സങ്കടമാരറിയാന് ?
അവരർദ്ധനഗ്നന്മാ, രാതാപമഗ്നമാ -
രവരുടെ പട്ടിണിയെന്നു തീരാന് ?
അവരാർദ്രചിത്തന്മാ,രപഹാസപാത്രങ്ങ -
ളവരുടെ ദുരിതങ്ങളെങ്ങൊടുങ്ങാന് ?
ഇടതിങ്ങിനിറയുന്ന നിയമങ്ങള്, നീതിക -
ളിടമില്ലവർക്കൊന്നു കാലുകുത്താന് !
ഇടറുന്ന കഴല് വയ്യോട്ടുഴറിക്കുതിക്കയാ -
ണിടയില്ല ലോകത്തിന്നവരെ നോക്കാന് .
ഉമിനീരിറക്കാതപ്പാവങ്ങള് ചാവുമ്പോ -
ളുദകക്രിയപോലും ചെയ്യിടേണ്ട.
മദമത്തവിത്തപ്രതാപമേ, നീ നിന്റെ
മദിരോത്സവങ്ങളില് പങ്കു കൊള്ളൂ !

പറയുന്നു മാതേവന് : –– " ഈ ഞാലിപ്പൂവന്റെ
പഴമെത്ര സാദൊള്ളതായിരിക്കും !"
പരിചോ,ടനുജന്റെ വാക്കില് ചിരി വന്നു
പരിഹാസഭാവത്താല് തേവനോതി :
" കൊല വരാറായി, ല്ലതിനു മുമ്പേ തന്നെ
കൊതിയന്റെ നാക്കത്തു വെള്ളം വന്നു !"
പരിഭവിച്ചീടുന്നു നീലി : " അന്നച്ചന -
തരി വാങ്ങാന് വല്ലോറ്ക്കും വെട്ടി വിക്കും ."
" കരിനാക്കുകൊണ്ടൊന്നും പറയാതെടി മൂശേട്ടേ !"
കരുവള്ളോന് കോപിച്ചൊരാജ്ഞ നല്കീ !
അതുകേട്ടെഴുന്നേറ്റു ദൂരത്തു മാറിനി -
ന്നവനെയവളൊന്നു ശുണ്ഠി കൂട്ടി :
" പഴമായാ നിങ്ങളെക്കാണാണ്ടെ സൂത്രത്തി
പ്പകുതീം ഞാനൊറ്റയ്ക്കു കട്ടുതിന്നും !"
" അതുകാണാമുവ്വെടി ചൂരപ്പഴാ നെന്ന -
ക്കതിമോഹമേറെക്കടന്നുപോയി !
ദുരമൂത്ത മറുതേ, നിന് തൊടയിലെത്തൊലിയന്നീ -

ക്കരിവള്ളോന്നരിയണോരുരിയല് കണ്ടോ !..."

ഇതുവിധം നിത്യമാ വാഴച്ചുവട്ടില -
ക്കൊതിയസമാജം നടന്നു വന്നു .
കഴിവതും വേഗം കുലയ്ക്കണമെന്നുള്ളില് -
ക്കരുതിയിരിക്കുമാ വാഴ പോലും !
അവരുടെയാഗ്രഹമത്രയ്ക്കഗാധവു
മനുകമ്പനീയവുമായിരുന്നു!

ഒരു ദിനം വാഴ കുലച്ചതു കാരണം
തിരുവോണം വന്നു പുലക്കുടിലില്
കലഹിക്കാന് പോയില്ല പിന്നീടൊരിക്കലും
കരുവള്ളോന് നീലിയോടെന്തുകൊണ്ടോ !
അവളൊരു കള്ളിയാണാരുമറിഞ്ഞിടാ -
തറിയാമവള്ക്കെന്തും കട്ടുതിന്നാന് .
അതുകൊണ്ടവളോട്ടു സേവ കൂടീടുകി -
ലവനു,മതിലൊരു പങ്കു കിട്ടും.
കരുവള്ളോന് നീലി തന് പ്രാണനായ് , മാതേവന്
കഴിവതും കേളനെ പ്രീതനാക്കി .
നിഴല് നീങ്ങി നിമിഷത്തില് നിറനിലാവോലുന്ന
നിലയല്ലോ നിർമ്മലബാല്യകാലം !

അരുമക്കിടാങ്ങള് തന്നാനന്ദം കാണ്കയാ -
ലഴകിക്കു ചിത്തം നിറഞ്ഞുപോയി .
കുല മൂത്തു വെട്ടിപ്പഴുപ്പിച്ചെടുക്കുവാന്
മലയനുമുള്ളില് തിടുക്കമായി .
അവരോമല്പ്പൈതങ്ങള്ക്കങ്ങനെയെങ്കിലു -
മവനൊരു സമ്മാനമേകാമല്ലോ .
അരുതവനെല്ലുനുറുങ്ങി യത്നിക്കിലു -
മരവയർക്കഞ്ഞിയവറ്ക്കു നല്കാന് .
ഉടയോന്റെ മേടയിലുണ്ണികള് പഞ്ചാര-
ച്ചുടുപാലടയുണ്ടുറങ്ങിടുമ്പോള്,
അവനുടെ കണ്മണിക്കുഞ്ഞുങ്ങള് പട്ടിണി -

യ്ക്കലയണമുച്ചക്കൊടുംവെയിലില് !
അവരുടെ തൊണ്ട നനയ്ക്കുവാനുള്ളതെ-
ന്തയലത്തെ മേട്ടിലെത്തോട്ടുവെള്ളം !

കനിവറ്റ ലോകമേ, നീ നിന്റെ ഭാവനാ -
കനകവിമാനത്തില് സഞ്ചരിക്കൂ .
മുഴുമതി പെയ്യുമപ്പൂനിലാവേറ്റുകൊ -
ണ്ടഴകിനെത്തേടിയലഞ്ഞുകൊള്ളൂ .
പ്രണത്തില് കല്പകത്തോപ്പിലെ, പ്പച്ചില -
ത്തണലിലിരുന്നു കിനാവു കാണ്ക .
ഇടനെഞ്ഞു പൊട്ടി,യിപ്പാവങ്ങളിങ്ങനെ -
യിവിടെക്കിടന്നു തുലഞ്ഞിടട്ടേ .
അവർതൻ തലയോടുകള്കൊണ്ടു വിത്തേശ്വര -
രരമന കെട്ടിപ്പടുത്തിടട്ടേ .
അവരുടെ ഹൃദ്രക്തമൂറ്റിക്കുടിച്ചവ -
രവകാശഗർവ്വം നടിച്ചിടട്ടേ .
ഇവയൊന്നും നോക്കേണ്ട, കാണേണ്ട, നീ നിന്റെ
പവിഴപ്പൂങ്കാവിലലഞ്ഞുകൊള്ളൂ !

മലയനാ വാഴയെ സ്പർശിച്ച മാത്രയില്
മനതാരില് നിന്നൊരിടിമുഴങ്ങി.
അതിനുടെ മാറ്റൊലി ചക്രവാളം തകർ -
ത്തലറുന്ന മട്ടിലവനു തോന്നി .
പകലിന്റെ കുടല് മാലച്ചുടുചോരത്തെളി കുടി -
ച്ചകലത്തിലമരുന്നിതന്തിമാര്ക്കന് !
ഒരു മരപ്പാവ പോല് നിലകൊള്ളും മലയനി -
ല്ലൊരു തുള്ളി രക്തമക്കവിളിലെങ്ങും !
അനുമാത്രം പൊള്ളുകയാണവനാത്മാവൊ -
രസഹനീയാതപജ്ജ്വാലമൂലം !
അമിതസന്തുഷ്ടിയാല് തുള്ളിക്കളിക്കയാ -
ണരുമക്കിടാങ്ങള് തന് ചുറ്റുമായി ;
ഇലപോയി, തൊലിപോയി, മുരടിച്ചോരിലവിനെ -
വലയംചെയ്തുലയുന്ന ലതകള് പോലെ .

അവരുടെ മിന്നിവിടർന്നൊരുരക്കണ്ണുക -
ളുരുതവനങ്ങനെ നോക്കിനില്ക്കാന് .
അവരുടെ കൈകൊട്ടിപ്പൊട്ടിച്ചിരിക്കല് ക -
ണ്ടവനന്തരംഗം തകർന്ന് പോയി .
കുലവെട്ടാന് കത്തിയുയർത്തിയ കൈയുകള്
നിലവിട്ടു വാടിത്തളർന്നുപോയി .

കുരുവൊള്ളോന് നീലിക്കൊരുമ്മ കൊടുക്കുന്നു
കരളിൽ തുളുമ്പും കുതൂഹലത്താല് .
അവളറിയാതുടനസിതാധരത്തില് നി -
ന്നവിടെങ്ങുമുതിരുന്നു മുല്ലപ്പൂക്കള് .
മലയന്റെ കണ്ണില്നിന്നിറ്റിറ്റു വീഴുന്നു
ചില കണ്ണീർക്കണികകള് പൂഴിമണ്ണില്
അണുപോലും ചലനമറ്റമരുന്നിതവശരാ -
യരികത്തുമകലത്തും തരുനിരകള് !
സരസമായ് മാതേവന് കേളന്റെ തോളത്തു
വിരല് തട്ടിത്താളം പിടിച്ചു നില്പൂ .
അണിയിട്ടിട്ടനുമാനുമാത്രം വികസിക്കും കിരണങ്ങ -
ളണിയുന്നു കേളന്റെ കടമിഴികള് !

ഇരുൾ വന്നു മൂടുന്നു മലയന്റെ കൺമുമ്പി, -
ലിടറുന്നു കാലുകളെന്തു ചെയ്യും ?
കുതിരുന്നു മുന്നിലത്തിമിരവും കുരുതിയില്
ചതിവീശും വിഷവായു തിരയടിപ്പൂ !
അഴകി,യാ മാടത്തി,ലേങ്ങലടിച്ചടി -
ച്ചഴലുകയാ,ണിതിനെന്തു ബന്ധം ?...

കുലവെട്ടി —– മോഹിച്ചു, മോഹിച്ചു, ലാളിച്ച
കുതുകത്തിന് പച്ചക്കഴുത്തു വെട്ടി ! —
കുല വെട്ടി – ശൈശവോല്ലാസകപോതത്തിൻ
കുളിരൊളിപ്പൂവല്ക്കഴുത്തു വെട്ടി ! —–

തെരുതെരെക്കൈകൊട്ടിത്തുള്ളിക്കളിക്കുന്നു
പരമസന്തുഷ്ടരായ്ക്കണ്മണികള് .

ഒരു വെറും പ്രേതംകണക്കതാ മേല്ക്കുമേല്
മലയന്റെ വക്ത്രം വിളർത്തുപോയി !
കുല തോളിലേന്തി പ്രതിമയെപ്പോലവൻ
കുറെനേരമങ്ങനെ നിന്നുപോയി !

അഴിമതി,യക്രമ,മത്യന്തരൂക്ഷമാ -
മപരാധം, നിശിതമാമശനിപാതം !
കളവെന്തെന്നറിയാത്ത പാവങ്ങള് പൈതങ്ങള്
കനിവറ്റ ലോകം , കപടലോകം !
നിസ്വാർത്ഥസേവനം, നിർദ്ദയമർദ്ദനം
നിസ്സഹായത്വം, ഹാ, നിത്യദുഃഖം !
നിഹതാനിരാശാ തിമിരം ഭയങ്കരം !
നിരുപാധികോഗ്രനിനിയമഭാരം ! –
ഇതിനൊക്കെപ്രതികാരം ചെയ്യാതടങ്ങുമോ
പതിതരേ , നിങ്ങള്തന് പിന്മുറക്കാറ് ?

കുല തോളിലേന്തി പ്രതിമ പോലങ്ങനെ
മലയനാ മുറ്റത്തു നിന്നുപോയി .
അരുതവനൊച്ച പൊങ്ങുന്നതില്ല, ക്കരള്
തെരുതെരെപ്പേർത്തും തുടിപ്പു മേന്മേല് !
ഒരുവിധം ഗദ്ഗദം ഞെക്കിഞെരുക്കിയ
കുറെയക്ഷരങ്ങള് തെറിപ്പൂ കാറ്റില് :
" കരയാതെ മക്കളേ ..... കല്പിച്ചു ... തമ്പിരാന് ...
ഒരുവാഴ വേറെ ...ഞാന് കൊണ്ടുപോട്ടെ !"

മലയന് നടന്നു — നടക്കുന്നു മാടത്തി -
ലലയും മുറയും നിലവിളിയും !
അവശന്മാ,രാർത്തന്മാരാലംബഹീനന്മാ -
രവരുടെ സങ്കടമാരറിയാന് ?
പണമുള്ളോർ നിർമ്മിച്ച നീതിക്കിതിലൊന്നും

പറയുവാനില്ലേ ? — ഞാന് പിന് വലിച്ചു !

19-09-1937

## കൊടുങ്കാറ്റ് കഴിഞ്ഞ്

ചോദ്യം:
യുദ്ധം കഴിഞ്ഞു;- പടക്കളത്തിങ്ക, ലീ-
ത്തപ്താശ്രുവും തൂകി നിൽപവളാരു നീ?
അന്തിക്കുരുതി കഴിഞ്ഞതാ കൂരിരുൾ
ചിന്തിക്കറുത്തുതുടങ്ങുന്നു ദിങ്മുഖം.
അസ്ഥിഖണ്ഡങ്ങളെക്കൊണ്ടു നിറഞ്ഞുപോ-
യസ്താഭമായ് നിന്നൊരാകാശ വീഥികൾ.
അന്തിമശ്വാസം വലിച്ചു, മുറിപ്പെട്ടു
നൊന്തു കിടന്നു പിടഞ്ഞ സമീരണൻ.
ഞെട്ടറ്റുവീണു പകലിന്റെ തോപ്പിലെ-
പ്പൊട്ടിച്ചിരിച്ചു കളിച്ച മലരുകൾ-
ഈ ദുഃഖരംഗത്തെ, നിശ്ശബ്ദ, മേകാന്ത-
രോദനംകൊണ്ടു നനയ്ക്കുവോളാരു നീ?

ഉത്തരം:
ലോകം മുഴുവൻ മുറവിളി കൂട്ടിയി-
ട്ടാഗതമായതാണീരുധിരോത്സവം!
ആശിച്ചു, മർത്ത്യ, നിയുദ്ധക്കളത്തിലൂ-
ടഭ്യുദയത്തിൻ നടപ്പടികെട്ടുവാൻ!-
പാരിൻ പുരോഗതയ്ക്കങ്കുശമിട്ടിടും
പാരതന്ത്ര്യത്തിനെത്തച്ചുപായിക്കുവാൻ!-
മർദ്ദനമന്ത്രം ജപിച്ചു നശിക്കുന്ന
മർത്ത്യനെ മർത്ത്യനോടേകീകരിക്കുവാൻ!-
പൂതമാം ശാശ്വതശാന്തിതൻ കോവിലിൽ
സ്വാതന്ത്ര്യമണ്ഡപം സജ്ജമാക്കീടുവാൻ!-
എന്നിട്ടുമെന്തായി?- നോക്കു, സഹജ, നിൻ-
മുന്നിലൊഴുകുമാ രക്തപ്പുഴകളെ!
മണ്ണിൽ വളം കുറെച്ചേർത്തതല്ലാതെ, യീ
മന്നെന്തിതിൽനിന്നു നേടിയിതുവരെ?
ഇന്നിച്ചിതറിക്കിടക്കും കബന്ധങ്ങൾ
മുന്നോട്ടു നീങ്ങിനിന്നൊന്നു നീ നോക്കുമോ?
ഞെട്ടിത്തെറിക്കുന്നതെന്തേ? - മനുഷ്യന്റെ

പുഷ്ടപരിഷ്കാരലക്ഷ്യങ്ങളാണവ!
നീ വിറയ്ക്കുന്നോ? - നിനക്കു പുകഴ്ത്തേണ്ട
ഭാവിചരിത്രവിജയങ്ങളാണവ!
സംഭ്രമിക്കായ്ക, നവീനശാസ്ത്രങ്ങൾതൻ
സംഭാവനകളാണോ നിണച്ചാലുകൾ!
ഇന്നവയിങ്കലൂടുത്ക്കർഷപൂർത്തിതൻ
പൊന്നിങ്കളിത്തോണി പോവതു കാൺക നീ!

പാരതന്ത്ര്യത്തെക്കഴുകിക്കളയുവാൻ
പാവങ്ങളർപ്പിച്ചു ദേഹവും പ്രാണനും;
വിത്തേശ്വരർക്കോ?- പതിന്മടങ്ങായ്, ക്ഷണം
വിസ്തൃതമായ്ത്തീർന്നു ഭണ്ഡാരവീഥികൾ!
പിന്നെയും ദാസ്യം, ഭയങ്കരദാരിദ്ര്യ-
മുന്നതനാശം പതിതസമ്മർദ്ദനം;
രോഗം, വിയോഗം, മുറിപ്പെട്ട ജീവിതം,
ശോകം, മുറവിളി, ഘോരനിരാശയും!-
നിങ്ങളൊന്നായ്ച്ചേർന്നു സൃഷ്ടിച്ചൊരാ യുദ്ധ-
രംഗ, മിതല്ലേ സമാർജ്ജിച്ച ഭാവുകം?
രക്തഗന്ധത്താലെരിപൊരികൊള്ളുന്ന
ശക്തിതന്നുന്മത്തവേതാളതാണ്ഡവം,
ഘോരവിഷപ്പുകകൊണ്ടു മൂടിടുന്ന
പാരിന്റെ ശുഭ്രാന്തരീക്ഷവിശുദ്ധിയെ
നീയഭിമാനിപ്പൂ നിൻ ജയപ്രാപ്തിയിൽ,
നീതിതൻ പേരിലീ നിൻശവത്തീറ്റയിൽ
മർത്ത്യര, ല്ലയ്യോ, വെറും വെറുംഗൃദ്ധ്രങ്ങൾ
രക്തം കുടിക്കും ചുടലപ്പിശാചുകൾ!
നിങ്ങളെമ്മട്ടിനിക്കാണു, മെൻനാട്ടിലെ-
പ്പൊന്നിൻപുലരിയെ-സ്വാതന്ത്ര്യദീപ്തിയെ?

ആരു ഞാനെന്നോ?- കവേ, നിഷ്ഫലമെന്റെ
പേരും പറഞ്ഞിന്നു പാടുവോനല്ലി നീ?
എന്നെ, ഞാനായി, നീ കണ്ടിട്ടുകൂടിയി-
ല്ലിന്നോളവും - വൃഥാ തെറ്റിദ്ധരിച്ചു നീ

എന്നെ, യല്ലെൻ നിഴലാണു നീ കണ്ടതീ
മന്നി, ലെന്നാട്ടു വിണ്ണാ, ണകന്നാണു ഞാൻ!
യുദ്ധത്തിനെക്കൊണ്ടൊരിക്കലുമാവുകി-
ല്ലുദ്ധരിച്ചീടാൻ സമാധാനനീതികൾ;
എന്നെ പ്രതിഷ്ഠിച്ചു പൂജിച്ചു സേവിക്കു-
കൊന്നായി നിങ്ങൾ മനസ്സിന്റെ കോവിലിൽ
ഞാനതിർത്തീടും വെളിച്ചത്തു കണ്ടിടാം
മാനവത്വത്തിൻ മഹിമവിശുദ്ധികൾ!
എന്റെ കണ്ണിൽക്കൂടി നോക്കീടുകിൽ
കണ്ടിടാമൊന്നായ് വിഭിന്നരാം മർത്ത്യരെ!
എന്തിനും മാപ്പുകൊടുക്കാൻ, കരുണയാർ-
ന്നെന്തും മറക്കാൻ, പഠിപ്പിച്ചിടുന്നു ഞാൻ.
ശാന്തികിടക്കുന്നതൈക്യത്തിലാ, ണാത്മ-
കാന്തി വർദ്ധിപ്പൂ സമഭാവസക്തിയിൽ!
നേരിൻ നിറകതിർ വീശുവോളാണു ഞാൻ
പാരിലൈശ്വര്യം വിതയ്ക്കുവോളാണു ഞാൻ,
എന്നും സമത്വം പുലർത്തുവോളാണു ഞാൻ.
എന്നെയാരാധിക്കു, കെന്മുന്നിൽ നിങ്ങൾ വ-
ന്നൊന്നായ്ക്കരംകോർത്തു നിൽക്കുവിനേവരും!
അന്നു നിങ്ങൾക്കു കാണായ്‌വരും സ്വാതന്ത്ര്യ-
സുന്ദരസുപ്രഭാതത്തിൻ കുളിരൊളി.
അന്നേ മനുഷ്യൻ മനുഷ്യനാകു, നിങ്ങ-
ളുന്നോളവും ശവംതീനിക്കഴുകുകൾ!

ആരു ഞാനെന്നോ?-പറയാം കവേ, തവ
ചാരുവിശാലസങ്കൽപത്തിനപ്പുറം,
ത്തുവെൺകതിരൊളി വീശി, മനുഷ്യനെ
ദേവനാക്കീടുമാ 'പ്രേമ' മാകുന്നു ഞാൻ!!!
-24-1-1937

## നവവർഷനാന്ദി

പുലരിത്തുടുമേഘക്കനകപ്പൂഞ്ചേലത്തു-
മ്പുലയെക്കിതച്ചെത്തും പകലിൻ ദീർഘശ്വാസം
ഇരുളിലിതേവരെത്തല ചായ്ച്ചുറങ്ങിയ
തരുവല്ലികളെയുണർത്തി തെരുതെരെ!

വാനമണ്ഡപത്തിലെത്താരകതുമ്പപ്പൂക്കൾ
വാരിക്കൊണ്ടെങ്ങോ പോയാൾ താമസി വേലക്കാരി;
ഇളവെയ്യണിത്തങ്കപ്പൊടി പൂശിയ പാട-
ത്തിളകീ പഴപ്പേലുമൊണോട്ടൻ കതിരുകൾ;
മഞ്ഞനെല്ലോലത്തുമ്പിൽ പാറിവീണിരുന്നോമൽ-
കുഞ്ഞാറ്റക്കിളിയൂഞ്ഞാലാടിനാൻ ക്ലുകിക്ലുകി.

തുമ്പയും മുക്കുറ്റിയും പൂങ്കുകിയാനന്ദിച്ചു;
തുമ്പിയും പൂമ്പാറ്റയും തുൾല്യവാനാരംഭിച്ചു.
നവവത്സരാഗമമംഗളരംഗം-ഹാ, ഹാ,
കവിയും സന്തോഷത്താൽക്കണ്ണുനീർ വരുന്നല്ലോ!
ഞങ്ങളെക്കാണാനൊരു വർഷമായ്ക്കാതിച്ചെങ്ങോ
മങ്ങിടും മുഖവുമായ്പ്പേവുമാ മാവേലിയെ,
ഭൂതകാലത്തിൻ ജയസ്തംഭത്തെ, വാടാത്തൊരാ
സ്വാതന്ത്ര്യപ്രദീപത്തെ, യോർത്തോർത്തു സമ്പ്രീതിയാൽ
സുന്ദരസ്മരണയിലെന്തിനോ നിമഗ്നമായ്
മന്ദഹാസം വർഷിച്ചു പുൽക്കൊടിപോലും നിൽപ്പൂ!

അന്നത്തെ സ്വാതന്ത്ര്യ, മസ്സമത്വം, സാഹോദര്യം,
മന്നിലൊന്നുപോലെങ്ങും പരന്ന സമാധാനം,
നിത്യവും തിരുവോണമായ്ത്തന്നെ കഴിഞ്ഞൊരാ
നിസ്തുലരംഗം!- കാലമിന്നെത്ര മാറിപ്പോയി!

ഓണത്തിനിന്നേക്കാലമേതാനും ധനേശർതൻ
നാണയക്കിഴിയിലൊന്നഴിക്കാൻ കഴിഞ്ഞേയ്ക്കാം;
അല്ലാതെ പൊരിയുന്ന വയറിൻ തീജ്ജ്വാലയിൽ
തെല്ലനുകമ്പാമൃതം തുളുമ്പിടാനാമോ?

തമ്പുരാൻ പൈമ്പാലടപ്രഥമൻ ഭുജിക്കട്ടെ;
കുമ്പിളിൽക്കുറെക്കഞ്ഞി കോരനും കുടിക്കട്ടെ.
ഓണമാണോണംപോലും ധനദർ ഘോഷിക്കുന്നു
താണവർക്കുയിർ നിൽക്കാനുമിനീർമതിയെന്നോ!

പോവുക ധനാഢ്യരേ, നിങ്ങളെത്തടിപ്പിക്കാൻ
പാവങ്ങൾ ഞങ്ങൾക്കുള്ള ഹൃദ്രക്തമൊന്നേവേണ്ടൂ!
അമൃതാസവപൂരം നിങ്ങളെ സ്വദിപ്പിക്കാ-
നരിവാളെടുക്കുവാൻ ഞങ്ങൾതൻ കരം വേണം!
പട്ടുമെത്തയിൽ നിങ്ങൾക്കുറങ്ങിക്കിടക്കുവാൻ
പട്ടിണിക്കെരിവെയ്യിൽച്ചേറിൽ നിൽക്കണം ഞങ്ങൾ!
വരട്ടെ, വിശപ്പിന്റെ വിപ്ലവക്കൊടുങ്കാറ്റി-
ലൊരിക്കൽത്തകർന്നുപോം മദിക്കും മേലാളിത്തം.

ഈശ്വരൻ- നിരർത്ഥമാമപ്പദം പറഞ്ഞിനി-
ശ്ശാശ്വതമാക്കാനാകാ ഞങ്ങൾതന്നടിമത്തം.
ശിലയെപ്പൂജിക്കാനു, മീശ്വരനിടയ്ക്കിടെ-
ച്ചില കൈക്കൂലിയേകി നിർവ്വാണം പിടുങ്ങാനും,
ലോകത്തിൻ പുരോഹിതൻ വിലയ്ക്കു വിറ്റീടുന്ന
നാകലോകത്തേയ്ക്കുള്ള 'പാസ്പോർട്ട്' നേടിടാനും
ഭാവിച്ചിട്ടില്ല ഞങ്ങൾ, പാവന സ്വാതന്ത്ര്യത്തിൻ
ഭാസുരപ്രഭാതം വന്നണഞ്ഞാൽ പോരും വേഗം!
തകരും കിരീടത്തിൻ ശകലങ്ങളെക്കൊണ്ടു
നികരാൻ വൈകീ കാലം പാരതന്ത്ര്യത്തിൻ ഗർത്തം.

മലർവല്ലികളിതാ തൂകുന്നു മന്ദസ്മേരം!
മലയാനിലൻ പരത്തുന്നു സൗരഭപൂരം!
ചാഞ്ചാടും തിരകളാൽ വീണക്കമ്പികൾ മീട്ടി-
പ്പൂഞ്ചോല പൊഴിപ്പൂ സത്സ്വാതന്ത്ര്യഗീതാമൃതം!!
നവവത്സരം വന്നു!- നിങ്ങൾതൻ കർമ്മങ്ങളെ
നവപന്ഥാവിൽക്കൂടി നയിപ്പിൻ സഖാക്കളേ!

## തീപ്പൊരി

1

'പ്രപഞ്ചമെന്തെന്നറിയാനുഴറ്റോ-
ടഗ്നിസ്ഫുലിംഗം കുതറിക്കുതിപ്പൂ;
ഞൊടിക്കകത്തായതു ശൂന്യതയ്ക്കു-
ള്ളഗാധഗർത്തത്തിലധഃപതിപ്പൂ.

2

ഉദിച്ചു, വർത്തിച്ചു, നശിച്ചു, മാത്ര-
യ്ക്കകത്തതിൻ സർവ്വവുമസ്തമിച്ചു,
ഇതെന്തിനു, ള്ളാരുടെ യിന്ദ്രജാലം?
-പ്രപഞ്ചമേ, തീപ്പൊരിയല്ലി നീയും!

3

കാണായ് വരുന്നൂ, കതിർ പെയ്തിടുന്നൂ,
കാണാതെയാകുന്നു ചരാചരങ്ങൾ;
പിന്നത്തെ വസ്തുസ്ഥിതിയോ?- തണുത്ത
തമസ്സു- നിർജ്ജീവത- നിദ്രമാത്രം!

4

ആ നിദ്ര, യക്കുരിരു, ളേതതിന്നു-
ള്ളങ്കത്തിലേയ്ക്കാണടിവെയ്പതീ നാം;
പലേതരത്തിൽ പല മാർഗ്ഗമായി-
ഗ്ഗമിക്കിലും താവളമൊന്നുമാത്രം!

5

നിസ്സാരമീത്തീപ്പൊരി, യിജ്ജഗത്തിൽ
നിഷ്കർഷയില്ലാർക്കുമിതൊന്നു നോക്കാൻ;
അല്ലെങ്കിലെന്തി, ന്നലിവുള്ളതാർക്കാ-

ണധഃപതിപ്പോരെയനുഗ്രഹിക്കാൻ?

6

അണഞ്ഞുപോകാതിതടുത്തുണക്ക-
ത്തൃണത്തിൽ വീണോ, കഥയൊക്കെ മാറി;
ചെന്തീപ്പൊരിത്തെല്ലൊരു കാട്ടുതീയായ്!
പ്രപഞ്ചമൊട്ടുക്കു നടുക്കമായി.

7

എന്തെന്തുമാറ്റം!- ഞൊടിയിൽജ്ജഗത്തി-
നെന്തന്തരം!- വിപ്ലവധൂമഘോഷം!
പഠിച്ചിടട്ടേ പതിതർക്കുപോലും
പരാക്രമം സാദ്ധ്യമിതെന്നു ലോകം!

8

കണ്ണൊന്നടച്ചിട്ടു തുറന്നിടുമ്പോൾൻ
ആം കണ്ടലോകം നവലോകമായി!
കുന്നാകവേ വൻകുഴിയായി മാറീ,
കുന്നായി ഗർത്തങ്ങളുയർന്നുപൊങ്ങീ.

9

ഈ നാം നിരീക്ഷിപ്പതിലൊന്നുപോലും
യഥാർത്ഥമ, ല്ലൊക്കെയൊരിന്ദ്രജാലം!
ഹേ, മർത്ത്യ, നീയിന്നവ നോക്കിനിന്നു
മദിപ്പതല്ലല്ലി മഹാജളത്വം?
-10-6-1932

## മാവിൻചുവട്ടിൽ

മനയ്ക്കൽ, തെക്കേമുറ്റ, ത്തുച്ചയ്ക്കാ, മാവിൻചോട്ടി-
ലെനിക്കിപ്പൊഴുമോർമ്മയു, ണ്ടെത്തുമെന്നും ഞങ്ങൾ.
കൗപീനമാത്രാച്ഛാദിതാംഗരാം ഞങ്ങൾക്കന്നു
കൗമാരദിനങ്ങളേ, കൗതുകമേകീ നിങ്ങൾ.

സ്മരണയ്ക്കെന്തുത്സാഹമാണെന്നോ സങ്കൽപത്തിൻ
തിരമേലിന്നു വന്നാച്ചിത്രങ്ങൾ വരയ്ക്കുവാൻ!
പതിനെട്ടോണക്കലം വിടർന്നു വാടിപ്പോയീ;
പഥികന്മാരെപ്പോലെ ഞങ്ങളുമങ്ങിങ്ങായി!

ഇന്നുമപ്പടുകുറ്റൻ മാവിനുമാത്രം ഭേദം
വന്നിട്ടില്ലണപോലു, മത്ഭുതമാണോർക്കുമ്പോൾ!
തിരുമേനിമാരുച്ചയ്ക്കമൃതേത്തിനുശേഷം
പരിചിൽ പള്ളിക്കുറുപ്പാസ്വദിച്ചീടും നേരം,
ഞങ്ങളഞ്ചാറോമനച്ചങ്ങാതിമാരൊന്നിച്ചാ
രംഗത്തെ നിത്യം സജീവോജ്ജ്വലമാക്കിത്തീർക്കും
കുണുങ്ങി, ച്ചെറ്റും, മാറിൽ തങ്കത്താമരമൊട്ടു
കലുങ്ങിത്തുണക്കാരിപ്പെൺകൊടിമാർ കൂടുമ്പോൾ,
അവരെച്ചിരിപ്പിക്കാൻ കോമാളിവേഷം കെട്ടി-
യവിടെക്കുത്താടിക്കൊണ്ടാർത്തു കൂവീടും ഞങ്ങൾ,
പൂവാലനണ്ണാനോടു കെഞ്ചിടും, കനിഞ്ഞൊരു
പൂളുമാമ്പഴം ഞങ്ങൾക്കേകുവാൻ കടം, ഞങ്ങൾ.
ഒരു കാറ്റൂതുമ്പോഴേയ്ക്കെന്തൊരുൽക്കണ്ഠാവേശ-
മൊരു മാമ്പഴമെങ്ങാൻ വീഴ്കിലെന്തത്യാഹ്ലാദം!
കല്ലെടുത്തെറിഞ്ഞൊച്ചയുണ്ടാക്കി, ഭ്രമത്തിര-
ത്തല്ലലിൽത്തമ്മിൽത്തമ്മിൽ ചിരിച്ചും ലജ്ജിപ്പിച്ചും,
ഒരു ഞെട്ടൽപം നുള്ളിയെറിഞ്ഞു, മറുഞ്ഞെട്ടു
വരുവാൻ പ്രാർത്ഥിച്ചും പൂങ്കാറ്റിനോടഭ്യർത്ഥിച്ചും,
ഔത്സുക്യമദമൗഢ്യമത്സരഭ്രമകല-
ഹോത്സാഹത്തിരച്ചാർത്തിലൊഴുകിപ്പുളച്ചാർത്തും,
നട്ടുച്ചപ്പൊരിവെയിലും പൂനിലാവാക്കിത്തീർത്ത

നഷ്ടശൈശവോത്സവരംഗമേ, നമസ്കാരം!

കരിയും കാവിമണ്ണും മഞ്ഞളുമരച്ചോരോ
വരയുംകുറിയുമിട്ടോരോരോ വേഷംകെട്ടി,
തകരപ്പാട്ടപ്പൊളിച്ചെണ്ടയുച്ചത്തിൽക്കൊട്ടി-
ത്തുകിലിൻ തുണ്ടും പാളപ്പാഴ്ക്കിരീടവും ചാർത്തി,
അന്നെത്ര 'കഥകളി' സോത്സാഹം നടത്തിയി-
ല്ലിന്നതോർത്തയ്യോ, നനയുന്നിതെൻ കൺപീലികൾ!

അന്നത്തെ'ത്താടിക്കാരൻ' പാത്താച്ചിരാമൻ പാവ-
മിന്നവനെങ്ങാണ്ടുറ്റമേറുമാശ്ശുണ്ഠിക്കാരൻ?
മദ്യത്തിൻ ലഹരിയിൽ, പതിതൻ ഗൂഢപ്രേമം
ഹൃദ്യമായ് നുകർന്നൊരാ പ്രതിയോഗിതൻ ചത്തം
പിക്കർന്നു, കുടർമാല ചാർത്തിയ കൈയിൽ കൊട്ടും-
വിലങ്ങുമായിട്ടവൻ തുറുങ്കിൽക്കിടക്കുന്നു!
അവ, ളപ്പാത്രും തേപ്പുകാരിതൻ മകൾ നാണി-
യവളെ, സ്ത്രീവേഷത്തിലെന്നോടൊത്താടിക്കും ഞാൻ.
ഇന്നവൾ, രാമൻ കാരാഗൃഹത്തിൽക്കടന്നപ്പോ-
ളന്യന്റെ വെപ്പാട്ടിയായങ്ങനെ ജീവിക്കുന്നു!
ശീമയ്ക്കുപോയിപ്പഠിച്ചെത്തി, യുദ്യോഗത്തുംഗ-
സീമയിൽ, നവോഢയാം നായികയോടും കൂടി,
ഉദ്രസം വിരാജിപ്പൂ തമ്പുരാൻ തൻ വത്സല-
പുത്രനാം കുഞ്ഞിക്കുട്ടൻ- പണ്ടത്തെയാട്ടക്കാരൻ!
ഘാതുകനാം രാമനെത്തുറുങ്കിലടപ്പിച്ച
നീതിശാസനം നിർമ്മിച്ചരുളും ന്യായാധിപൻ!
അപരൻ ശിവരാമൻ, നാലുകുഞ്ഞുങ്ങൾക്കച്ഛ-
നവനിന്നോരോ കൂലിവേല ചെയ്തുഴലുന്നു.
പപ്പുണ്ണി 'പത്മദേവാ'യ് ഹിന്ദിതൻ പ്രചാരത്തിൽ
പട്ടിണി പാതിപോക്കി ഗാമോദ്ധാരണം ചെയ്യൂ.
ശങ്കരൻ 'ലുധിയാനാ സിൽക്ക്' ക, ളമേരിക്കൻ
തങ്കഭൂഷക, ളിവയ്ക്കേജന്റായ് വർത്തിക്കുന്നു.
ആറടി മണ്ണിനകത്തുണ്ടു വേലുവിൻ ധൈര്യ-
വീര്യ ഗർവ്വങ്ങൾ വെറും ചാമ്പലായടിഞ്ഞുപോയ്!

രത്നമ്മ സൗഭാഗ്യത്തിൻ ശൃംഗത്തിൽ യുവരാജ-
പത്നിയായ്, നേത്യാരമ്മയായ്സ്സുഖിച്ചരുളുന്നു.
മാധവി വിധവയും, തമ്പാൻ വക്കീലും കുഞ്ഞ-
നാധാരമെഴുത്തുമാ, ണങ്ങനെ മാറീ കാലം! ....

ഒരു വന്മാവിൻചോട്ടി, ലൊന്നിച്ചു വേഷംകെട്ടി-
യൊരു കാലത്തന്യോന്യമൊന്നുപോൽ കഴിഞ്ഞവർ-
ഞങ്ങ, ളാ ഞങ്ങളിന്നോ? കാലമേ, ഞൊടിക്കുൾലി-
ലെങ്ങനെയാക്കിത്തീർത്തു ഞങ്ങളെ നിശ്ശങ്കം നീ?
ഇന്നുമപ്പട്ടുകുറ്റൻ മാവിനുമാത്രം ഭേദം
വന്നിട്ടില്ലണുപോലു, മത്ഭുതമാണോർക്കുമ്പോൾ!
ഇപ്പൊഴും തേന്മാമ്പഴം പെറുക്കാൻ, വേഷംകെട്ടി-
സ്സസ്പൃഹമാട്ടക്കളി കളിക്കാ, നാഹ്ലാദിക്കാൻ,
വന്നുചേരുമാറുണ്ടു കുഞ്ഞുങ്ങളാ മാഞ്ചോട്ടി-
ലുന്നതകൗതുഹലമുള്ളിലാർന്നുച്ചയ്ക്കിന്നും!
കവി, ഞാൻ കണ്ണീരിലൂടക്കാഴ്ച കാണുന്നേരം
കവിയും കുതുകത്തിൻ സ്മൃതിയെത്താലോലിപ്പൂ!!
-24-9-1941

## രാഗഗീതി

വാനിൽ നീളെപ്പാടിപ്പാടിക്കാലം പോക്കും വാനമ്പാടി
വാടിപ്പോയ താരിനോടു ചോദിച്ചിടുന്നു:-
'സുലളിതദലാകുലേ, സുരഭിലസുധാപൂർണ്ണേ,
സുമുഖി, നിൻ മുഖമിത്ര വിളർത്തതെന്തേ?'

ഒരു ചുടുനെടുവീർപ്പമ്മലരിൽ നിന്നുയർന്നത-
ത്തരുനിരകളിൽത്തട്ടിത്തകർന്നിരിക്കാം.
മരുത്തോടിയടുത്തെത്തി മുഖമൊത്താതിരുന്നെങ്കിൽ
മറുമൊഴി പറഞ്ഞേനേ മനോജ്ഞഗാത്രി.
ഉടരുന്നു വിഗഹം:- 'നിൻ നില നിനയ്ക്കവേ, മന-
മിടറുന്നി, തെന്നെ നീയിന്നറിയില്ലല്ലീ?
ലസൽച്ചെമ്പട്ടുടുത്തെത്തിച്ചിരിച്ചു നിൽക്കുമിക്കൊച്ചു-
വസന്തത്തിൻ വീട്ടിൽ നിന്നു വരികയാം ഞാൻ.
പലനാളായ് പാടിയിട്ടും ഫലമില്ലാതലയുന്ന
പറവജാതിയിലൊന്നായറിയുകെന്നെ.
പരിഭവമരുതെന്നി, ലൊരു വാക്കു പറയുവാൻ
തരികെനിക്കനുമതി, പനിമലരേ!
ക്ഷണികജീവിതം സഖി, സുഖദമോ, മരണത്തിൻ
ക്ഷണത്തിനു നിനക്കിത്ര കുതുകമെന്തേ?
ഒരു നിശ പിറക്കുവാ, നൊരു പകൽ മരിക്കുവാ,-
നരുതോതാനമലേ, നിൻ വിധിവിഹിതം!

പുലരിതൻ കവിൾക്കൂമ്പും പുളകത്താൽ തുടുപ്പിക്കാൻ
മലരേ, നീ മിഴി തുറന്നുലകിലെത്തി.
ഹിമകണമണിമാല്യമണിഞ്ഞു നീയണഞ്ഞപ്പോൾ
ക്ഷമയുമക്ഷമയായ് നിൻ ഹസിതം കാണ്മാൻ.
പരിതാപഭരിതയായ് പകൽ പോകാൻ തുനിയുന്നു
പരമശോഭനേ, നിന്റെ വിയോഗം മൂലം.
ഒരു പിഞ്ചുമന്ദഹാസം- നിരുപമശ്രീവിലാസം
പര, മിരുൾപ്പര, പ്പയ്യോ ചതിച്ചു കാലം!
കിളിയെത്ര കരഞ്ഞാലു, മളിയെത്ര പറഞ്ഞാലും

ഫലമെന്തു?- ശൂന്യതേ, നീ മദിച്ചുകൊള്ളൂ!
അവസാനപ്രാർത്ഥനയും വിറച്ചീടുമധരത്താ-
ലവശേ, നീയുച്ചരിക്കു- പോകട്ടെ ഞാനും!
ഒരു രാഗ ശൃംഖല നാമറിയാതെ നമ്മെ ബന്ധി-
ച്ചിരുന്നതുമിതാ, കഷ്ടം, ശിഥിലമായി!
ഇതിൻശ്ലഥവലയത്താലിനിയുമെത്രയോ തീർക്കാൻ
ക്ഷിതി കരുതിയിട്ടില്ല ശൃംഖലയാവോ!
ശ്മശാനത്തിൻ മാറി, ലലിഞ്ഞെത്ര മണ്ണു മണ്ണടിഞ്ഞു
വിശിഷ്ടപുഷ്പങ്ങളതിലുദിപ്പു വീണ്ടും.
തകരുന്ന തലയോടിൻ തരികളിൽ തഴയ്ക്കുമ-
ത്തകരയും തങ്കത്താലിയണിഞ്ഞു നിൽപൂ!
മരണത്തിൻ മരവിച്ച മറവിയാം മടിത്തട്ടിൽ
മരുവുന്ന മകുടങ്ങൾ മന്ദശോഭങ്ങൾ,
ഒരിക്കൽക്കൂടിയെടുത്തു പുതുക്കുവാനോർക്കാലോകം
തിരിക്കുന്ന കാലം പിന്നെത്തിരിഞ്ഞു നോക്കാ!
ചിരിക്കും നൽത്താരകങ്ങളിരിക്കും വിൺമണ്ഡപത്തിൽ
ചിരിക്കുമ്പോഴെന്നെയെങ്ങാൻ സ്മരിക്കില്ലല്ലീ?
സുമമേ, നീ വിരിഞ്ഞാലും, സുമംഗളം, ദിവ്യനാക-
ദ്രുമമൊന്നിൽ ദർശിച്ചാവൂ തവ വികാസം!! ....

അലരോതി സഗദ്ഗദം: 'പ്രിയസഖേ, നീ കഥിച്ച-
തഖിലവുമറിവൂ ഞാനകക്കുരുന്നിൽ.
പലകാലമിരുന്നാലും, ഞൊടിക്കുള്ളിൽ മറഞ്ഞാലു-
മുലകിനെന്നവതാരം പുതുമയാണോ?
പലതും വന്നുദിക്കുന്നു, ചിലതുപോയ് മറയുന്നു,
നിലയെന്നാലൊന്നുതന്നെ നിയതിക്കെന്നും!
അവൾക്കായിട്ടെനിക്കുള്ളതഖിലവും സമർപ്പിച്ചേ-
നതു മതി;- മറയുവൻ കൃതാർത്ഥനായ് ഞാൻ!
അനേകനാൾ തിരഞ്ഞാലുമണുപോലും ലഭിക്കാത്തോ-
രനഘരത്നങ്ങൾ ഞാനിന്നവനിക്കേകി.
ആ മൽപ്രേമഗീതികൾ ഞാൻ പാടവേ മതിമറന്നു
മാമരങ്ങൾപോലും തല കുലുക്കിപ്പോയി.
തൈച്ചെടികൾ നൃത്തമാടി, കൊച്ചുകാറ്റുമൊത്തുകൂടി,

പച്ചക്കുന്നും മലകളും പകച്ചുനിൽപായ്.
എളിയ ഞാനിളയിങ്കൽ കുളിരൊളി കിളരുമാ-
റിളവെയ്യിലിതൾ വിടർന്നുയർന്നു നിൽക്കേ
കമനീയകാവ്യലക്ഷ്മി കരനികരത്താലെന്നിൽ
കനിവാർന്നു പൊഴിക്കയായ് കനകമാരി!
ഭ്രമരങ്ങൾ-വെറും കൊച്ചു തിമിരപിണ്ഡങ്ങൾ-എന്നെ
ഭ്രമിപ്പിക്കാനോരോ രാഗമെടുത്തുപാടി.
പലനിറം പതിഞ്ഞുള്ള പത്രപുടം വിരിച്ചോരോ
ശലഭങ്ങളടുത്തെത്തിക്കുശലമോതി.
പരഭൃതം പഞ്ചമത്തിൽപ്പലപല പാട്ടുപാടി,
തരളമാരുതൻ വന്നെൻ തനു തലോടി.
ഇത്രമാത്രം യശസ്സെനിക്കെങ്ങുനിന്നു ലഭിച്ചു?-ഞാ-
നെത്തിയിട്ടു കഴിഞ്ഞിട്ടില്ലൊരു നാൾപോലും!
ഭുവനത്തിൻ മനമൊരു മന്ദഹാസം കൊണ്ടുമാത്രം
കവരുവാനാകുമെന്നു കരുതീലല്ലോ!
ഹൃദയമല്ലാതെനിക്കിങ്ങൊന്നുമില്ലിപ്രപഞ്ചത്തിൽ
സദയം ഞാനതേവനും തുറന്നുകാട്ടി.
മ്ളാനമായി മമ മുഖം മാറിയതു കണ്ടു, പാരം
ദീനയായി മറയുന്നു ദിവസദേവി
അവൾ ചെന്നുമറയുന്ന ശൂന്യതയെത്തന്നെ, യെന്നു-
മധിവസിപ്പതാണെനിക്കെന്തിലുമിഷ്ടം.
ഒരുമിച്ചു പിറന്നവ, രൊരുമിച്ചു പുലർന്നവ-
രൊരുമിച്ചുതന്നെ ഞങ്ങൾ പിരിഞ്ഞീടട്ടേ!
വെറും കൊച്ചു പുൽക്കൊടിയും, വെറുപ്പിയറ്റുവാൻ, മുഖം
കറുത്തൊരു വാക്കുപോലും കഥിച്ചിടാതെ,
ഒഴിഞ്ഞൊരുകോണിൽ വന്നു തൊഴുകൈയുമായിനിന്നു
കഴിവോളം സൗരഭം ഞാൻ പകർന്നു തന്നു.
അഴലിന്റെ നിഴലിലല്ലഴകിന്റെ നിലാവിൽ വീ-
ണൊഴുകണമലയാർന്നെൻ സ്മൃതികൾപോലും!
പ്രകൃതിമാതനുഗഹിച്ചരുളും ഞാനെത്രമാത്രം
സുകൃതിയാ, ണെന്നെച്ചൊല്ലിക്കരയരുതേ!
അശുഭാശങ്കകൾ പെയ്യുമസുഖാശ്രുധാരയി, ലെ-
ന്നവസാനസ്മിതമയ്യോ, നനയ്ക്കരുതേ!

വാനിൽ നി, ന്നെൻ സ്നേഹമോർത്തു ദിവസവും ഭവാനൊരു
ഗാനം ചെയ്താൽ മതി - പോട്ടേ, കൃതാർത്ഥയായ് ഞാൻ!!

ഇതളറ്റാ മലർ മണ്ണിൽക്കൊഴിയവേ- കഠിനമാം
വ്യഥ തിങ്ങിപ്പകൽ മങ്ങി മറഞ്ഞതെങ്ങോ!
നിശ വന്നാമൃദുമെയ്യിലസിതാവരണം ചാർത്തി,
നിഴലുകൾ നിറുകയിൽ ചുംബനം ഏകി.
ഇവ കണ്ടു, മരപ്പൊത്തിൽ, ചിറകടിച്ചഴൽ വളർ-
ന്നവശർദ്രവിഹംഗമം കരഞ്ഞുപോയി!
പിന്നെയുമുദിച്ചു താരം, പിന്നെയും മദിച്ചു കാലം
മന്നിനെന്തു മട്ടുമലർ മണ്ണടിഞ്ഞെങ്കിൽ?
-22-11-1932
മാപ്പു നൽകണമേ!
അന്നപ്പുലരിയിൽ പൂപറിച്ചുംകൊണ്ടു
നിന്നു നീ, യാളിയുമൊത്താ വനികയിൽ.
കാളമേഘത്തിൻ കവിത തുളുമ്പിച്ച
കാളിദാസന്റെ ശകുന്തളമാതിരി!

തങ്കരച്ചാർത്തിനാലാലസൽപ്പൂവനം
തങ്കത്തെളിച്ചാറിൽ മുക്കീ ദിവാകരൻ.
അങ്ങിങ്ങു പാറിപ്പറക്കും കിളികളാൽ-
ത്തിങ്ങിത്തുളുമ്പി നിൻ ചുറ്റും കളകളം.
പുൽകി നിൻ നീലാളകങ്ങള, ത്താമര-
പ്പൊയ്കയിൽ നീരാടിവന്ന ബാലാനിലൻ.
ഏവമാകർഷകപശ്ചാത്തലമൊന്നിൽ
മേവി, മനോജ്ഞദേവാംഗനപോലെ നീ!

കേവലം യാദൃശ്ച്ഛികമാ, യൊരസ്ഥിര-
ഭാവനപോലെ, യന്നാവഴി വന്നു ഞാൻ,
അൽപം മുകളി, ലത്തൈച്ചെമ്പകച്ചില്ല-
യെത്തിപ്പിടിക്കാൻ കഴിയാ, തവശരായ്,
നിങ്ങൾ രണ്ടാളും പരുങ്ങി നിന്നീടുന്ന-
തെന്മിഴിയിൽപ്പെട്ടു- മുന്നോട്ടാഞ്ഞു ഞാൻ.

ചെമ്പനീർപ്പൂമൊട്ടരുണോദയത്തിങ്കൽ
വെമ്പിത്തുളുമ്പി വിടരുന്നമാതിരി,
എന്തോ നവീനമധുരപരിണാമ-
കന്ദളി തിങ്ങിത്തുടുത്ത നിൻ പൂങ്കവിൾ.
കമ്രാവനമ്രോജ്ജ്വലാനനയായ്, മഞ്ജു-
മന്ദസ്മിതം തൂകി മാറിയൊഴിഞ്ഞു നീ;
പാടേയടിമുടി പൂത്തൊരപ്പിച്ചക-
ക്കാടിനും കോരിത്തരിപ്പു തോന്നുമ്പടി.

പോകരുതെന്നു വിലക്കിലും, ഗൂഢമായ്-
സ്സാകൂതസുസ്മിതം മൽച്ചുണ്ടിലെത്തവേ,
എന്നാശപോലെ വികസിച്ചു നിൽക്കുന്ന
പൊന്നലരേറെപ്പറിച്ചെട്ടു, ത്താദരാൽ
നിന്നേർക്കു നീട്ടി ഞാൻ, നാണംകുണുങ്ങി, യെൻ-
മുന്നിൽ വന്നിട്ടവ, കൈ നീട്ടി വാങ്ങി നീ!
മുട്ടി, ഹാ, തെല്ലം മനഃപൂർവ്വമല്ലാതെ
പെട്ടെന്നു നമ്മുടെ കൈവിരൽ തുമ്പുകൾ
ഓളമിളക്കിയെൻ മേനിയിലൊക്കെ, യൊ-
രോമൽപ്പുളകപ്രവാഹമരക്ഷണം.
മന്ദാക്ഷപൂർണ്ണകടാക്ഷത്തൊടൊ, ത്തൊരു
മന്ദസ്മിതത്താൽ കൃതജ്ഞത കാട്ടി നീ!
ഏതോ മഹാസിദ്ധിയൊന്നു കൈവന്നപോൽ
പ്രീതി ചേതസ്സിലുൾച്ചേർന്നു മടങ്ങി ഞാൻ.

ഇന്നുകാണുമ്പൊഴും തോന്നുന്നു നമ്മൾക്കു
നമ്മളന്യാന്യം കടപ്പെട്ടമാതിരി.
നിത്യസായാഹ്നസവാരിക്കുമൽപ്പദ-
മെത്രമാത്രം ഞാൻ തടഞ്ഞീടിലും സ്വയം,
ഏതോ നിഗൂഢമാം ശക്തിയാലാ വഴി-
ക്കേറെക്കുതുകാൽത്തിരിയുന്നിതിപ്പൊഴും!

ശാന്തിവിടരും ഗൃഹസ്ഥാശ്രമത്തിന്റെ

പൂന്തോപ്പിലാണിന്നു നീ നിൽപതെങ്കിലും,
ഏകാന്തമാമെൻ ഗൃഹത്തിൽ വിരക്തിപൂ-
ണ്ടാകുലമാ വഴി പോരുമ്പൊഴൊക്കെയും,
ഞാനറിയാതെ, യെന്നാത്മാന്തരാളത്തി-
ലാനന്ദതാരമൊന്നുജ്ജ്വലിക്കുന്നതായ്-
നഷ്ടദിനങ്ങൾക്കു പിന്നി, ലൊരവ്യക്ത-
തുഷ്ടി തുളുമ്പിത്ത, ട്ടുത്തു നിൽക്കുന്നതായ്-
സദ്ഗുണധാമമേ, തോന്നുകയാണു മേ,
ഗദ്ഗദമുണ്ടിതിൽ, മാപ്പു നൽകേണമേ!
-28-3-1940
ദാരിദ്ര്യത്തിന്റെ മുമ്പിൽ
ചോരയില്ലാത്ത മുഖവുമായ് നിൽക്കുവോ-
നാരു നീ, രൂപമെടുത്ത ദരിദ്രതേ?
മർത്ത്യപദത്തിന്നവകാശവാദത്തി-
നസ്ഥിയും തോലുമുണ്ടിന്നു നിനക്കിനി;
മറ്റുള്ളതെല്ലാം നിരന്തര നിർദ്ദയ-
മർദ്ദനം മൂലം ക്ഷയിച്ചു;-നശിച്ചു നീ!
നിസ്സഹായത്വമേ, നീയുറ്റുനോക്കയോ
നിഷ്ഫലം വീണ്ടു, മിക്ഷുദ്രലോകത്തിനെ;
ഒട്ടിച്ചുളിഞ്ഞ വയറ്റത്തു കൈവെച്ചു
പൊട്ടിക്കരഞ്ഞു, നീ നോക്കുന്നതാരെയോ!
വറ്റി വരണ്ട നിൻ തൊണ്ടയിൽ നിന്നൊരു
ശബ്ദം വരാനും, മശക്തനായ്പ്പോയി നീ!

ഉച്ചവെയിലിൽ പരന്ന നെൽപ്പാടങ്ങൾ
പച്ചപിടിപ്പിച്ചു നിൻ നവയൗവനം!
നിത്യപ്രയത്നഫലങ്ങളാലന്യർതൻ
പത്തായമെല്ലാം നിറച്ചു നിന്യൗവനം
അന്യന്നു വെൺമണിമാളിക കെട്ടുവാൻ
നിന്നസ്ഥികൂടം വിരിച്ചു, നിന്യൗവനം
എന്നിട്ടുമിന്നോ? പഴകിയ പാദുക-
യെന്നമട്ടയ്യോ! പരിത്യക്തനല്ലി നീ?
ജീവരക്തം വറ്റി നിസ്തേജമായ്ത്തീർന്ന

കേവലം പട്ടിണിപ്പാവയല്ലല്ലി നീ?
നീതികണ്ടില്ലേ ജഗത്തിന്റെ- നോക്കണേ!
നീതന്നെ, യിന്നു, നിനക്കൊരു ഭാരമായ്!!

അങ്ങോട്ടു നോക്കുകപ്പൂമണിമേടയിൽ
സ്വർണ്ണമഞ്ചത്തിലക്കാണുന്നതാരെ നീ?
ആലസ്യപുഷ്പനികുഞ്ജത്തി, ലുന്മദ-
ശ്രീലാനുഭൂതി നുകരുവോനാരവൻ?
ആരെത്തടിപ്പിക്കുവാനിത്ര നാൾ നിന്റെ
ഭൂരിപ്രയത്നങ്ങൾ കാണിക്കവെച്ചു നീ;
പട്ടുമെത്തപ്പുറത്താർക്കുറങ്ങീടുവാൻ
ചുട്ടുവെയിലത്തു ചേറിലിറങ്ങി നീ;
ഏവന്റെ മുന്തിരിച്ചാറിൽ, നിൻചെഞ്ചുടു
ജീവരക്തത്താൽ ചുവപ്പു കലർത്തി നീ;
വെൺപങ്കവീശിയിന്നാർക്കു സുഖിക്കുവാൻ
നിൻ പ്രാണവാതം പകുത്തു കൊടുത്തു നീ
ആ മർത്ത്യരാക്ഷസ, നാ വർത്തകേശ്വര-
നാണവൻ, നോക്കു!- നടുങ്ങുന്നതെന്തു നീ?

നീയിന്നു ദുർബ്ബലൻ! നിസ്സഹായൻ;-ശരി;
നീയൊരുങ്ങിടേണ്ടതില്ലൊന്നിനു, മിനി!
മുന്നോട്ടു വന്നിന്നണിനിരന്നീടട്ടെ
നിന്നാത്മജന്മാർ, നിരാധാരജീവികൾ
വിത്തപ്രതാപം തഴുതിട്ടു ഭദ്രമായ്-
ക്കൊട്ടിയടച്ച കവാടങ്ങളൊക്കെയും,
വെട്ടിപ്പൊളിക്കാൻ സുശക്തരാണാ, വയ-
റൊട്ടിയ, യൗവനത്തീക്കനൽക്കട്ടകൾ!

ഹാ സമത്വത്തിന്റെ സുപ്രഭാതാഭയിൽ
ഭാസുരക്ഷേമമുകുളം വിരിയണം!
സ്വാതന്ത്ര്യമേഖലയിങ്കൽ, സ്വയം, മർത്ത്യ-
ചേതന പൊന്നിൻ ചിറകടിച്ചാർക്കണം!-
സുന്ദരമാ രംഗമാനയിച്ചീടുവാൻ

സന്നദ്ധമാകു സധീരം യുവത്വമേ!

19-12-1936

## ആ കൊടുങ്കാറ്റ്

എരിവെയ്ലേറ്റേറ്റയേ്യാ, സർവ്വാംഗം പൊള്ളുന്നല്ലോ
വരുനീ, വരുവേഗം, വർഷത്തിൻ കൊടുങ്കാറ്റേ!
ഉൽക്കടപ്രഭാവോഗനായ നിന്നിടിവെട്ടിൽ
ചക്രവാളാന്തമ്പോലും ചിതറിത്തെറിക്കട്ടെ!
ഒന്നൊന്നായ് പൊടിമണ്ണിൽ ഞെട്ടടർന്നടിയട്ടേ
പൊന്നിന്റെ ഗർവ്വം കാട്ടി മിന്നുമാ നക്ഷത്രങ്ങൾ!
ഇല്ലൊരു സമാധാനമിങ്ങെങ്ങും- ചുറ്റും വെറും
പൊള്ളലാ, ണടങ്ങാത്ത ദാഹമാണിവിടത്തിൽ
ഉമിനീർപോലും വറ്റിവരളും തൊണ്ടയ്ക്കക-
ത്തമരാനാവതുള്ളു പൊട്ടീടും ഞെരക്കങ്ങൾ
നിമിഷം തോറും മേന്മേലെൻ ചുറ്റും പൊതിയുന്നു!
നിയമം വടിയോങ്ങി, 'നിശ്ശബ്ദ' മെന്നോതുന്നു!
മർത്ത്യസംസ്കാരത്തിന്റെ നേട്ടമാണത്രേ, സാധു-
മർദ്ദനം, പരിഷ്കാരമാണത്രേ, രക്തോത്സവം!
അരുതിപ്പൊരിവെയിലിലിനിയും കഴിക്കുവാൻ
വരുനീ, വരുവേഗം, വർഷത്തിൻ കൊടുങ്കാറ്റേ!

കാലികളേക്കാൽ കഷ്ടം നിങ്ങ, ളെൻ സഹജരേ,
കാലിലാക്കിടക്കുന്ന ചങ്ങല കാണുന്നില്ലേ?
ഒന്നുപൊട്ടിക്കാതെ നിങ്ങളായ്ത്തീരാൻ നിങ്ങൾ-
ക്കെന്നിനിക്കഴിയും?- ഹാ, പരതന്ത്രന്മാർ നിങ്ങൾ.
അടികൊണ്ടനങ്ങാതെ ഭാരവും പേറിപ്പോവു-
മടിമക്കഴുതകളല്ലല്ലി, കഷ്ടം നിങ്ങൾ!
നമിക്കാൻ മാത്രം നിങ്ങൾക്കുണ്ടൊരു ശിര, സ്സെന്നും
ക്ഷമിക്കാൻ മാത്രം വേണ്ടി സ്പന്ദിക്കും നെഞ്ഞിങ്ങും.
സ്തുതികീർത്തനം പാടാനുണ്ടൊരു ജിഹ്വാനാളം
സതതം ദാസ്യചെയ്യാനുണ്ടൊരു കരാഞ്ചലം
എന്നിട്ടും സർവ്വജ്ഞരാണെന്നാണു ഭാവം നിങ്ങൾ-
ക്കെന്നിനി നോക്കിക്കാണും നിങ്ങൾ നിങ്ങളെത്തന്നെ?

ഭാവശുദ്ധകളെന്ന കീർത്തിമുദ്രയും ചാർത്തി-
ഭാരതാംഗനകളേ, ഞെളിയുന്നല്ലോ നിങ്ങൾ!

സീതയും, സാവിത്രിയും, ഭാമയും ഞങ്ങൾക്കുണ്ടെ-
ന്നോതിയാൽക്കഴിഞ്ഞെന്നോ നിങ്ങൾതൻ സമാധാനം?
അക്കഥയെല്ലാമിരുന്നിന്നയവിറക്കിയാ-
ലുത്ക്കർഷമായെന്നാണോ നിങ്ങൾതന്നഭിമാനം?
മാമരത്തണലത്തു വട്ടമിട്ടേവം നിന്നു
മാവേലിപ്പാട്ടും പാടിക്കൈകൊട്ടിക്കളിക്കുമ്പോൾ
മന്മഥൻ മഷിതേച്ചമട്ടെഴും നീലോജ്ജ്വല-
ക്കൺമുന മിന്നൽപ്പിണരോരോന്നായെറിയുമ്പോൾ,
മുത്തണിപ്പൊന്മാലകൾ മാറിൽ വീണലഞ്ഞുല-
ഞ്ഞൂത്തും ഗവക്ഷോജങ്ങളിളകിത്തുളുമ്പുമ്പോൾ,
അറിയാ, തവ കണ്ടിട്ടെൻ മിഴികളിൽപ്പേർത്തും
നിറയുന്നു ഹാ ചുടുകണ്ണീർക്കണികകൾ!
അമൃതം തുളുമ്പുമപ്പോർമുലക്കുടം, നിങ്ങൾ-
ക്കടിമപ്പുഴക്കളെപ്പാലൂട്ടിപ്പോറ്റാനല്ലേ?
താമരത്താരൊത്തൊരാക്കൈയുകൾ, ദാസന്മാരെ-
ത്താരാട്ടു പാടിപ്പാടി, ത്തൊട്ടിലാട്ടുവാനല്ലേ?
കർമ്മധീരരാമേറെ മക്കളെ പ്രസവിച്ച
കർമ്മഭൂവേ, നീ നിരാധാരയാണെന്നോ വന്നു?

ചെന്നിണം പെയ്തെങ്ങെങ്ങും വിപ്ലവക്കനൽ മേഘ-
മെന്നെന്നും പടിഞ്ഞാറു നടന്നാൽ മതിയെന്നോ?
ഒന്നിതിങ്ങോട്ടേയ്ക്കെത്തിനോക്കുമ്പോഴേയ്ക്കും ത്യാഗ-
തുന്ദിലേ, ഭാരതാംബേ, നീ മുഖം പൊത്തുന്നെന്തേ?
പണ്ടത്തെ 'ശ്ശിബി'കളും'രന്തിദേവ' രുമാരും
കണ്ടിടാനില്ലിന്നെങ്ങും 'വ്വേനർ' മാത്രമേയുള്ളൂ!
സ്വന്തസോദരന്മാർതൻ ഹൃദ്രക്തമൂറ്റിക്കുടി-
ച്ചന്തസ്സിൽ തല പൊക്കുമന്തകന്മാരേയുള്ളൂ!
പാടത്തു പണിചെയ്യും പട്ടിണിക്കാരെപ്പേർത്തും
പാദത്താൽച്ചവിട്ടുന്ന പാപിഷ്ഠന്മാരേയുള്ളൂ!
അവർ നിൻ സുതന്മാരാണെങ്കിലെ, ന്നാദ്യം ഞങ്ങൾ-
ക്കവരെ- ക്കുറച്ചിട കണ്ണടച്ചാലും മാതേ!

ആ രക്തക്കളമെല്ലാം വറ്റിപ്പോം, ഞൊടിക്കുള്ളി

ലാരമ്യാമൃതസരസ്സാഗതമാമങ്ങെല്ലാം
മുന്നിലക്കാണും കുന്നും കുഴിയും നീങ്ങിപ്പച്ച-
മിന്നിടും സമതലമുയരും സസ്യാഢ്യമായ്!
അവിടെപ്പാടിപ്പാടിപ്പറക്കും ക്ഷേമത്തിന്റെ
പവിഴക്കതിർ കൊത്തിത്തിന്നുകൊ, ണ്ടാശ്വാസങ്ങൾ
ദാസനാഥന്മാരറ്റോരാ നവനാകത്തിങ്കൽ
ഭാസുരേ, നീ രാജിയ്ക്കും സ്വച്ഛന്ദം, സ്വതന്ത്രയായ്!
ഇപ്പൊരിവെയില,ത്തമ്മേ, നിന്നു നീ കേഴുന്നല്ലോ!
കൽപിക്കുകൊന്നാ, വർഷക്കൊടുങ്കാറ്റടിയ്ക്കട്ടേ!
-12-2-1938

## കവിയുടെ പൂമാല

കമനീയ ചിന്തകൾ കോർത്തിണക്കി-
ക്കവിയൊരു കൺകക്കും മാലകെട്ടി.
അനുമാത്രമെമ്പാടുമായതിൽ നി-
ന്നനുഭവസൗരഭം വാർന്നൊഴുകി.
മൃദുലവികാരതരംഗകങ്ങ-
ളതിനു നിറപ്പകിട്ടേറെയേകി.

പരിചിലാമാലയും കൈയിലേന്തി
ത്തെരുവിലവൻ ചെന്നലഞ്ഞു ചുറ്റി.
ധനദന്മാർതൻ പടിവാതിൽതോറും
കനിവിൻ കണികയ്ക്കുവനുഴറി.
അപഹാസവീക്ഷണം മാത്രമല്ലാ-
തവനെന്നാൽ സിദ്ധിച്ചില്ലാരിൽ നിന്നും
ഉദരത്തിൽ തീയെരിഞ്ഞാ മിഴിക-
ളുദിതാശ്രുധാരയിൽ മഗ്നമായി,
ഒരുവശം കാഞ്ചനനാണ്യജാല-
ത്തിരകളിൽത്തത്തുന്ന മദ്യകുംഭം,
മതിവിട്ടു മാറോട്ടു ചേർത്തണച്ചു
മദഭരനൃത്തങ്ങൾ ചെയ്യു ലോകം!
ഒരുവശത്തൗന്നത്യം വേഷഭൂഷാ-
കിരണങ്ങൾ പാകിത്തളിർത്തു നിൽക്കെ;
അവതൻ തണലിൽ മയങ്ങി മേന്മേ-
ലനുപമസ്വപ്നങ്ങൾ കാൺമൂ ലോകം!
ഒരുവശത്തുൽക്കടവിത്തഗർവ്വം
തുരുതുരെപ്പീരങ്കിയുണ്ട പെയ്കെ,
ഉയരുമസ്സാമ്രാജ്യ തൃഷ്ണയാകു-
മുദധിയിൽക്കപ്പലോടിപ്പൂ ലോകം!

കലിതനൈരാശ്യ, മക്കൊച്ചുവാടാ-
മലർമാല്യം കയ്യിൽവഹിച്ചു, കഷ്ടം,
പൊരിയും വയറുമായ്ക്കാവ്യകാരൻ

തെരുവിലെരിവെയ്യിൽ സഞ്ചരിപ്പൂ!
ഒരുവനുമില്ലതിൻ മാറ്ററിയാ-
നൊരുവനുമില്ല വിലയ്ക്കു വാങ്ങാൻ!
തെരുവിലന്നന്തിയിൽത്തൊണ്ടവറ്റി-
സ്സിരകൾ തളർന്നവൻ വീണോട്ടുങ്ങി!

സമകൾ പലതും പറന്നുപോയി;
സമരാങ്കണങ്ങളും ശാന്തമായി;
പലപല കുന്നുകൾ വീണടിഞ്ഞു;
പലചെളിക്കുണ്ടും നികന്നകന്നു;
സമുദിതോത്കർഷങ്ങൾ പൂത്തുപൂത്തു
സമതലം മുന്നിൽ തെളിഞ്ഞു മിന്നി.

തുരുതുരെപ്പൂവുതിർത്തുല്ലസിയ്ക്കും
മരതകക്കാടിൻ നടുവിലായി
അവികലശാന്തിതൻ പേടകംപോ-
ലവിടെയക്കാൺമതേതസ്ഥിമാടം?
പരിണതവിശ്വാഭിനന്ദനങ്ങൾ
പനിനീർ തളിക്കുമപ്പുണ്യഭൂവിൽ,
സുകൃതൈകപാത്രമായത്യുദാരം
സുഖസുപ്തികൊള്ളുന്നതേതു ചിത്തം?
ഒരു നൂറ്റാണ്ടപ്പുറം, തീവെയിലി-
ലുരുകിത്തളർന്നൊരബ്ഭിക്ഷുഹസ്തം!
പരിതപ്തചിന്തകൾ കോർത്തിണക്കി-
പ്പുരിചിൽ നിർമ്മിച്ചൊരപുഷ്പമാല്യം,
അണുപോലും വാടാതപ്പുണ്യഭൂവി-
ലഴകിൽക്കുളിച്ചിന്നുമുല്ലസിപ്പൂ!
ജനചയാരാധനാസേവനങ്ങ-
ളനിശമതിൻ മുന്നിൽ സ്സംഭവിപ്പൂ!
-3-5-1941
ഉന്മാദത്തിന്റെ ഓടക്കുഴൽ
ചുറ്റും കനത്തോരിരുമ്പഴി!- ജീവിത-
പ്പുറ്റിൽ ത്രുസിപ്പൂ വികാരച്ചിതലുകൾ!

നീയാരു?- നീ വെറും ഭ്രാന്തൻ, നിനക്കു നിൻ-
നീറും മനസ്സിൽ നിലാവുദിക്കുന്നുവോ?
വൈദ്യശാസ്ത്രത്തിൻ മുനകൾ, ശമനങ്ങൾ
കുത്തിവെയ്ക്കുന്നു നിൻഹസ്തസിരകളിൽ.
ശോധനാബദ്ധമണയുന്നു നൈപുണ്യ-
ബോധഗർവ്വം നിൻ സമീപത്തു നിത്യവും
നീ വഴങ്ങാഞ്ഞാലതിന്റെ മൗഢ്യങ്ങൾക്കു
നീതമാകുന്നു, ഹാ, നിന്മുന്നിൽ മർദ്ദനം.
തജ്ജന്യഭീതിയാൽ, നൽകപ്പെട്ടും മരു-
ന്നച്ചടക്കത്തോടെടുത്തു മോന്തുന്നു നീ.
നീലച്ചു, പച്ചച്ചു, മഞ്ഞച്ചു, നിൻമ്മുന്നിൽ
നീളേ നിരക്കുന്നിതൗഷധ ഭ്രാന്തുകൾ!
എന്നിട്ടു, മക്രമം നീയാണു നിൽപതീ
മന്നിന്റെ ദൃഷ്ടിയിൽ ഭ്രാന്തനായിപ്പൊഴും!! ...

എന്നേ, ഞാൻ നിങ്ങളെന്നല്ല, നീയെന്നാണു
ചൊന്ന, താകട്ടെ, യെന്നോമനയല്ലി ഞാൻ?
ഞാനെന്നോടോതുന്നിതോരോ പരാതികൾ
സാനുകമ്പം സാന്ത്വനിപ്പിപ്പതെന്നെ ഞാൻ.
ഞാനെന്റെ മുമ്പിൽ കരഞ്ഞിടുമ്പോ, ളെന്റെ
ഞാ, നെന്റെ ജീവ, നൊപ്പുന്നിതെൻ കണ്ണുകൾ!
എന്നെ ഞാൻ കിക്കിളികൂട്ടിച്ചിരിപ്പിക്കു-
മന്നേരമെന്നെ ഞാൻ കെട്ടിപ്പിടിച്ചിടും!
എന്തൊരാനന്ദമീയെന്നിലെ ഞങ്ങൾക്കു
ചിന്തേ, ചിറകു വിരിക്കു, വിരിക്കു നീ!!

ചുറ്റും കനത്തൊരിരുമ്പഴി!- കൂരിരുൾ
മുറ്റുന്നു! - പിന്നെയും നോവുന്നു മന്മനം!
ആരെയും കാത്താണിരിപ്പതൊറ്റയ്ക്കു നീ-
യാരാലിവിടെയെൻ വെള്ളിനക്ഷത്രമേ?
അല്ലി, നന്മാകാരമാളാത്തൊരെൻപ്രാണ-
വല്ലഭൻ കൊച്ചുചന്ദനപ്പൊട്ടു നീ!
എങ്ങവ, ളെങ്ങവ, ളെങ്ങവ, ളെൻകീർത്തി-

യെങ്ങു?- പോകൊല്ലേ, വരുന്നു ഞാനും പ്രിയേ ....

അയ്യോ, കനത്തോരിരുമ്പഴി! - നീങ്ങുവാൻ
വയ്യെനി, ക്കെൻനെറ്റി പൊട്ടി, യോർത്തില്ല ഞാൻ!
എന്തീജലസ്പർശ? - മയ്യോ കടും ചോര!
നൊന്തിടുന്നീലെനിക്കെന്നിട്ടു, മത്ഭുതം!
നെറ്റിപിളർപ്പിൽനിന്നൂറി, യിരുകവിൾ-
ത്തട്ടിലും കുടിയൊലിപ്പൂ, ഹാ, ചെന്നിണം!
ചെന്നിണം, മെന്നഭ്യുദയേച്ഛപോലുള്ള
ചെന്നിണം! രോമാഞ്ചമേകുന്ന ചെന്നിണം.
ഓമനേ, നീയിപ്പൊഴുണ്ടായിരുന്നെങ്കി-
ലീ മന്ദഭാഗ്യന്നരികിൽ, നിൻനെറ്റിയിൽ,
എന്നാത്മരാഗസ്മരണ, യ്ക്കൊരിക്കലും
മങ്ങാത്തൊരുജ്ജ്വലകാശ്മീരചിത്രകം,
ചിത്രീകരിച്ചേനെ, ലോകം മറന്നിരു-
ന്നച്ചന്ദനപ്പൊട്ടു മാച്ചുകളഞ്ഞു ഞാൻ!
ആശിപ്പതെന്തി, നിഭ്രാന്തിനെപ്പോലും, മൊ-
ന്നാശീർവ്വദിക്കാൻ വരില്ല വരില്ല നീ!! ....

ഓർത്താൽക്കരഞ്ഞുപോം!- കേൾപ്പൂ ഞാനിപ്പൊഴും
നേർത്തുനേർത്തുള്ള നിൻ കാൽച്ചിലമ്പൊച്ചകൾ!
കഷ്ടം, യശസ്സേ, പിടികൊടുക്കാതെന്നെ-
യിട്ടുവേവിക്കും മരീചികയാണു നീ!
നിൻനെടുവീർപ്പിൻ സുഗന്ധലഹരിയിൽ
നിർമ്മഗ്നനായ്, സ്വയം മൂർച്ഛിച്ചുവീഴ്വൂ ഞാൻ!
പെട്ടെന്നു, മെയ്യിൽ, നിൻമായികപിഞ്ഛിക
മുട്ടി, പ്പിടഞ്ഞാഞ്ഞുണർന്നെഴുന്നേറ്റു ഞാൻ!
മിന്നൽപോൽ പാഞ്ഞുപോം നിൻതുകിൽത്തുമ്പിലെ
പ്പൊന്നിൻ കസവൊളിമാത്രമീക്ഷിപ്പൂ ഞാൻ!

ദൂരത്തു ദൂരത്തദൃശ്യമായ് മിഥ്യയായ്
ചേരുന്നു നീ മാഞ്ഞലിഞ്ഞലിഞ്ഞെന്തിലോ!
പാദം തളർന്നു പതിപ്പൂ ഞാൻ പിന്നെയും,

പാണിയിൽ താങ്ങുന്നിതെന്നെ നീ പിന്നെയും
ആവർത്തനങ്ങളിതായിരമായിര-
മായി, തെന്നി, ട്ടിന്നു, മപ്രാപ്യതന്നെ നീ!

മത്കലാസൃഷ്ടിയിൽ, നീയൊന്നിലെങ്കിലു-
മുൾക്കൊള്ളുമോ, മന്നുതിക്കു പിൻപെങ്കിലും?
ഉത്കടക്ഷുത്തിന്റെ ഞെക്കലിൽ, സാത്വിക-
സത്കലാധർമ്മങ്ങൾ വിറ്റവനല്ല ഞാൻ.
ഭോഗാസ്പദമാമഭിരുചിക്കൊത്തമ-
ട്ടേകുവാനുള്ളതല്ലുള്ളതെൻകൈവശം!
ആയിരുന്നെങ്കി, ലിന്നൈശ്വര്യശൃംഗത്തി-
ലാടിക്കളിച്ചേനെ മദ്വൈജയന്തികൾ!
ഇന്നു ഞാനുന്മാദി, ദീനൻ, ദരിദ്ര, നി-
ല്ലെന്നിലഭിനന്ദാർഹമായൊന്നുമേ.
ഭ്രാന്തൻ- ജഗത്തിന്റെ ദൃഷ്ടിയിൽ ഞാൻ വെറും
ഭ്രാന്തൻ- പതിതൻ, പരിഹാസപാത്രവാൻ,
മാനിപ്പൂ ഞാൻ സ്വയമെങ്കിലും ലോകമേ,
താണില്ല നിൻ കലാഭാസത്തിലേയ്ക്കു ഞാൻ!

നിൽക്കും കലാലോകരാജ്ഞിയായ് വാടാത്ത
പൊൻകതിർവീശിയെന്നെന്നുമെൻ 'മേനക!'
രാവും പകലുമനേകദിനങ്ങളാ-
ദ്ദേവിതൻ മുന്നിൽത്തപസ്സേത്ര ചെയ്തു ഞാൻ!
ആ 'രവിവർമ്മ' യെപ്പോലെ, ബാഹ്യാകാര
ചാരിമയാണു ഞാൻ പൂജിച്ചതെങ്കിലോ,
മോടിപ്പകിട്ടിനാൽ വിറ്റേനേ നിത്യവും
കോടിക്കണക്കിനെൻ ചിത്രങ്ങളൊക്കെ ഞാൻ!
പന്തടിപ്പീലെന്റെ മേനക, കാർകുഴൽ
ചിന്തി; യച്ചെന്തളിരാടയൂർന്നങ്ങനെ;
ശൃംഗാരസാന്ദ്രമദാലസയായ്, സ്മിത-
ഭംഗിയിൽ, വിശ്വം മയക്കുന്നുമില്ലവൾ
പാപസഞ്ജാതോത്കടാതങ്കഗർത്തത്തി-
ലാപതിച്ചാഞ്ഞു പിടയ്ക്കുമാത്മാക്കളെ,

ഉദ്ധരിച്ചാ സ്വർഗ്ഗമേഖലയിങ്കലേ-
യ്ക്കെത്തിച്ചിടും മുക്തിയാണെന്റെ മേനക!
ശന്തിതൻ പീയൂഷകുംഭമദൃശ്യമാ-
യേന്തിവന്നെത്തുന്നനുഭവമാണവൾ!
മന്നിൻ കദനാന്ധകാരത്തിലംശുക്കൾ
ചിന്നും സജീവമാം സാന്ത്വനമാണവൾ!
എന്നിട്ടു, മാഴക്കരിക്കുള്ള കാശു ത-
ന്നിന്നതു വാങ്ങുവാനില്ലൊരാളെങ്കിലും!
ശുദ്ധോപവാസമായ് നിർമ്മിച്ചതാ, ണൊരു
സിദ്ധിയായ് ഞാനിന്നുമെണ്ണും 'ശകുന്തള'
കാളിദാസന്റെ ഹൃദയം, ജഗത്തിനെ-
ക്കാണിച്ചതാണതു, ചായത്തിലൂടെ ഞാൻ!
ആടയഴിഞ്ഞു, മക്കഞ്ചുകം നീങ്ങിയു-
മാടിക്കുഴയും ചലച്ചിത്രതാരകൾ,
കണ്ണാടിയിട്ടുവെച്ചാലയഭിത്തികൾ
ക്രമീകരിക്കുവാൻ വെമ്പുന്നിതാളുകൾ
ആരും തിനിഞ്ഞുനോക്കാതൊരു മൂലയിൽ
മാറാമ്പൽ മൂടി ദ്രവിപ്പൂ ശകുന്തള!
കാമത്തഴപ്പിന്റെ കാളകാകോളമേ
കാലം മറഞ്ഞു, കലയായ്ക്കഴിഞ്ഞു നീ!

നീറുന്ന മന്മനം!- ഞാനവസാനമാ-
യാറുമാസം പണിപ്പെട്ടൊര 'സ്വപ്ന' മോ?
ഇന്നുമപൂർണ്ണം!- അപൂർണ്ണമാണെങ്കിലെ-
ന്തന്യമില്ലൊന്നുമാച്ചിത്രത്തെ വെല്ലുവാൻ!
മജ്ജീവിതത്തിൻ വിജയപതാകയാ-
ണച്ചെറുചിത്രം, കലാലോകവിസ്മയം!
പശ്ചാത്തലത്തിൽ മുഴുക്കെ, ക്കരിമുകിൽ
മുടിയവാനും തമോമയഭ്രമിയും,
അന്തരീക്ഷാങ്കത്തിലന്ധകാരക്കരി-
ങ്കമ്പിളി മൂടിക്കിടക്കുന്ന മൗനവും;
മുന്നിൽ മരച്ചോട്ടി, ലെല്ലും തൊലിയുമായ്
മണ്ണിൽ മരവിച്ചുവീണൊരു ഭിക്ഷുവും;

തന്മീലിതക്ഷിപുടങ്ങളെ, വിണ്ണിൽനി-
ന്നമ്മവെയ്ക്കാനായ് വരുമൊരു രശ്മിയും;
ഇല്ലമറ്റൊന്നും!- മരിക്കിലും ഞാൻ, മരി-
ക്കില്ല, മൽസ്വപ്നം!- വിശപ്പിൽ വേവുന്നു ഞാൻ!

ചുറ്റുമിപ്പൊഴും മിരുമ്പഴി!- പിന്നെയും
കട്ടിവെയ്ക്കുന്നുണ്ടിരുട്ടിന്നു മേൽക്കുമേൽ!
ആസന്നമാണെനിക്കന്ത്യം- ജഗത്തിന്റെ
ഹാസം പതിക്കു, മടയുമെൻ കൺകളിൽ!
എന്നാലതിൻമുൻപൊരിക്ക, ലാ നിൻ മുഖ-
മൊന്നുകാണാ, നെനിക്കൊത്തെങ്കി, ലോമനേ!
ഈ നാരകീയോഗദുഃഖങ്ങൾ സർവ്വവും-
മാനന്ദമാണെനിക്കാഗതയാകിൽ നീ!
എൻമൃതഗാത്രത്തിൽ വീഴും വിടർന്ന നിൻ-
കണ്ണിൽനിന്നിറ്റിറ്റു കണ്ണീർക്കണികകൾ!
മൽച്ചിതയിങ്കലെത്തിജ്ജ്വാലകൾക്കുള്ളി-
ലിട്ടു ഹോമിക്കുമെന്മാലിന്യമൊക്കെ നീ!
മന്നിലെൻ നാമമുയർത്തി, നീ മേൽക്കുമേൽ
മിന്നിക്കുമുജ്ജ്വലസ്വർണ്ണലിപികളിൽ
വിശ്വാഭിനന്ദനം നീയാനയിച്ചിട്ടും
ശശ്വൽപ്രതിഷ്ഠനാമെൻകലാവേദിയിൽ
എങ്കിലു, മെങ്കിലു, മപ്രാപ്തയായ് നിൽപ-
തെന്തെന്യശസ്സേ, മുഖപടം ചാർത്തി നീ!
നാളെ- സമസ്തവും നാളെ- നിരാശതൻ
കാളിമ കണ്ടു നടുങ്ങുന്നതിന്നു ഞാൻ!
എൻതലയ്ക്കുള്ളിൽ തളരുന്ന മത്സിരാ-
തന്തുക്കൾ! മന്ദമടയുന്നു കണ്ണുകൾ!
ചാരത്തു ചാരത്തണവതായ്ത്തോന്നുന്നു
നേരിയോരേതോ ചിറകടിയൊച്ചകൾ!
മിന്നാമിനുങ്ങിൻ തിളക്കങ്ങൾ, ദൂരത്തു
മിന്നുന്നു പൊന്നിൻകസവൊളിവീചികൾ!
ചന്ദ്രിക!- മദൃശസ്സിന്റെ മനോഹര-
മന്ദസ്മിതമ്പോൽ വിടരുന്നു ചന്ദ്രിക!

കൽപകസൗരഭം!- സ്വപ്നം!- തളർച്ച, യി-
ത്തൽപത്തിലൊന്നു തലചായ്ച്ചിടട്ടെ ഞാൻ!
-21-6-1942

## ജീവിതത്തിന്റെ നെടുവീർപ്പ്

അന്തിക്കതിരോൻ മറഞ്ഞു, ലോക-
മന്ധകാരത്തിലടിഞ്ഞു.
കാലത്തുതൊട്ടേ നടപ്പാ, ണെന്റെ
കാലുകളയ്യോ, കുഴഞ്ഞു.
ഇന്നിനിയാ മരച്ചോട്ടിൽ, ഞാൻ ചെ-
ന്നൊന്നെൻ നടുവു നീർത്തട്ടെ!

വാഴക്കുടപ്പനിൽത്തത്തിത്തൂങ്ങും
വാവൽക്കിടാവിനെപ്പോലെ,
എൻമുലക്കണ്ണുകൾ ചപ്പിച്ചപ്പി
യിമ്മണിക്കൈക്കുഞ്ഞുറങ്ങി,
എത്രവിശന്നു പൊരിഞ്ഞു, പാവ-
മെത്ര കിടന്നു കരഞ്ഞു!
വീടായവീടൊക്കെത്തെണ്ടിത്തെണ്ടി
നാടൊട്ടുക്കിന്നു ഞാൻ ചുറ്റി;
എന്നിട്ടുരിക്കഞ്ഞിവെള്ളം, കിട്ടീ-
ലെന്നോമൽക്കുഞ്ഞിനു കഷ്ടം!
അല്ലലെരിയുമെൻ നെഞ്ചിളുട്ടി-
ലില്ല മുലപ്പാലുപോലും!
നിദ്രയിൽക്കൈവിരൽത്തുമ്പും നണ-
ഞ്ഞെത്രയും ദീനമാം മട്ടിൽ,
മണ്ണിൽക്കിടക്കുമിക്കുഞ്ഞിൻ നേർക്കു
കണ്ണൊന്നയച്ചിട്ടും നേരം,
പെറ്റുപോയില്ലേ ഞാൻ?- അയ്യോ, നീറി-
പ്പൊട്ടുകയാണെൻഹൃദയം.

പിച്ചതെണ്ടീടുവാൻപോലും, തീരെ-
പ്പറ്റാത്തതായ്ത്തീർന്നു ലോകം!
എച്ചിലും കൂടിയില്ലെങ്ങും കിട്ടാ-
നെത്ര മാറിപ്പോയി കാലം!
"നെല്ലില്ല, രിയില്ല, തേയ്ക്കാനെണ്ണ-

യില്ല, തുണിയില്ലുടുക്കാൻ!
ഞങ്ങൾക്കുകുടിയില്ലൊന്നും- പിന്നെ-
യെങ്ങനെ നിങ്ങൾക്കു നൽകും?"
പാവങ്ങൾ ഞങ്ങൾതൻ നേരേ നോക്കി-
യേവം പുലമ്പുന്നു ലോകം.
ശബ്ദിച്ചിടാതെ ശിരസ്സും താഴ്ത്തി-
ശ്ശപ്തരാം ഞങ്ങൾ തിരിക്കേ,
പട്ടണവീഥിയിലെത്തും നേരം
ഞെട്ടുന്നു മാനസം വീണ്ടും!

ഓരോ കടയിലും കാൺമൂ, പട്ടു-
സാരികൾ വിൽക്കും ബഹളം.
മേൽക്കുമേൽ മറ്റൊരു ദിക്കി, ലരി-
ച്ചാക്കടുക്കീടുന്ന ഘോഷം,
വിറ്റിടുന്നുണ്ടു സുഗന്ധമേറെ
മുറ്റുന്ന കുന്തളതൈലം,
എത്രയ്ക്കു തിക്കും തിരക്കും ചല-
ച്ചിത്രശാലയ്ക്കകത്തിന്നും!
അത്ഭുത, മിപ്പൊഴും കാണ്മൂ, മേന്മേ-
ലശ്വശകടവും കാറും.
നിന്നിട്ടില്ലൊട്ടും, പണക്കാർക്കിട-
യ്ക്കിന്നും വിരുന്നുസൽക്കാരം!
ത്യക്തവിവിക്തമല്ലൊട്ടും, ഹൃദ്യ-
മദ്യാലയോത്സംഗരംഗം!
വൈദ്യുതപ്പങ്കയ്ക്കരികി, ലോരോ
വൈശ്രവണന്മാരിരിപ്പൂ.
ആടലകന്നവർ കാലും നീട്ടി
'റേഡിയോ' കേട്ടു രസിപ്പൂ.
പട്ടിണിക്കാർ ഞങ്ങൾ ചെന്നാൽ, ചൊല്ലാൻ
'യുദ്ധ' മെന്നുണ്ടൊരു ശബ്ദം.
'ഇല്ലക്കമ്പാട' ലിതെല്ലാമാണു
കല്ലേറിനേക്കാളസഹ്യം!

വിത്തേശ്വരർക്കല്ല ഞങ്ങൾക്കാണീ
യുദ്ധവും ക്ഷാമവുമെല്ലാം.
ഒട്ടിയിട്ടില്ലവർക്കാർക്കുംതന്നെ-
യൊട്ടും കുടവയറിന്നും,
തപ്തരാം ഞങ്ങളെ നോക്കു, ഞങ്ങ-
ളസ്ഥിയും തോലുമായ്ത്തീർന്നു.
ഇല്ല, പാവങ്ങൾക്കുടലിന്നക-
ത്തില്ലിറച്ചിക്കവകാശം!

ഹന്ത, യിക്ഷുദ്രലോകത്തിൽ വന്ന-
തെന്തിനെന്നോമനേ, നീയും?
മന്ദഹസിപ്പിതോ, ഹാ, നീ? -ഉണ്ടോ
മന്ദസ്മിതങ്ങൾ നിനക്കും?
സങ്കലിതോന്മാദമോമൽക്കുളിർ-
ത്തങ്കച്ചിറകുകൾ വീശി,
സ്വപ്നസ്വരൂപിണിമാരാം ലസൽ-
സ്വർഗ്ഗീയദേവിമാരാരാൽ,
ഓരോരോ ചില്ലപ്പഴുതിൽക്കൂടി-
ച്ചോരുന്ന പൈമ്പാൽനിലാവിൽ,
ഉദ്രസമൂർന്നൂർന്നിറങ്ങി, ച്ചിരി-
ച്ചെത്തുന്നുവോ, നിന്നടുത്തും?
മന്നിൽനിനക്കുമുണ്ടെന്നോ ചില
പൊന്നിൻകിനാക്കളെൻകുഞ്ഞേ?
ആകട്ടെ; നീയെന്തറിഞ്ഞൂ!- നിന്റെ
ലോകത്തിലുണ്ടോ വെളിച്ചം?
വാർമണിപ്പൈതലേ, കഷ്ടം, മന്നി-
ലാർ നിനക്കേകി നിൻജന്മം?
അന്തവുമാദിയുമില്ലാതുള്ളൊ-
രന്ധകാരത്തിൻ ഗുഹയിൽ,
എങ്ങോമറഞ്ഞുകിടപ്പാ, ണെനി-
ക്കിന്നുമജ്ഞാതമസ്സത്യം!
ദേഹത്തെസ്സ്നേഹിച്ചമൂലം, എന്റെ
ദേഹത്തെ വിറ്റു ഞാൻ, കുഞ്ഞേ!

ഭോഗം മെതിച്ചൊരെന്ദേഹം, ഇന്നു
രോഗം മദിക്കുന്ന ഗേഹം!
മൽക്കരൾ പൊട്ടി ഞാൻ ചത്താ, ലൊരു
പുൽക്കൊടിയില്ലൊന്നു കേഴാൻ!
ഈ വിധം ജീവിപ്പതേക്കാൾ വീണ്ടു
ചാവുന്നതെത്രയോ ഭേദം!

കാളും വിശപ്പിൽ നീ തേങ്ങിത്തേങ്ങി-
ക്കാലടിച്ചാർത്തു പിടയ്ക്കേ;
നിൻമുഖത്തിറ്റിറ്റു വീണോ, രെന്റെ
കണ്ണീർ നീ നക്കിക്കുടിയ്ക്കേ;
അക്കാഴ്ച കാൺകെ ഞാൻ പേർത്തും പേർത്തും
പൊക്കിയിട്ടുണ്ടെന്റെ കൈകൾ,
നെഞ്ഞടിച്ചീടവേ, മേന്മേൽ, നിന്റെ
കുഞ്ഞിക്കഴുത്തു ഞെരിക്കാൻ!
ശക്തിവന്നില്ലെനിക്കെന്നാൽ, നീയെൻ-
രക്തവും മാംസവുമല്ലേ?
കൊല്ലുന്നതാണിതിൽഭേദം, പക്ഷെ
കൊല്ലുമോ?- ഞാൻ തള്ളയല്ലേ?

കഷ്ട, മിതെന്തൊരു ലോകം-ഇതിൽ-
പ്പട്ടിണിക്കാർക്കെന്തു കാര്യം?
വേണ്ട, വേണ്ടീ, ലോകം വേണ്ടേ, വേണ്ടി-
താണ്ടുകൊള്ളട്ടെ കടലിൽ?
കൽപോഗനൈദാഘം കത്തിക്കാളി-
ക്കൽക്കിവരാനെന്തമാന്തം? .....
-28-8-1943

### ഇന്നത്തെ നില

ഇല്ല വെളിച്ചം, വെളിച്ചമില്ലൽപവു-
മെല്ലാമിരുട്ടാ, ണിരുട്ടിലാകുന്നു നാം!
കണ്ണും തുറന്നു നാം നിൽക്കയാണെങ്കിലും
കാണുന്നതില്ലിപ്പരിസരമൊന്നുമേ!
ചുറ്റുമായ് വന്നു പൊതിയുന്നു നമ്മളെ-
പ്പട്ടിണികൊണ്ടു പൊരിയും നിലവിളി
നിർലജ്ജമന്നിട്ടു, മെന്നുമദ്ദീനർത-
ന്നെല്ലും ചവിട്ടിക്കുതിക്കുകയാണു നാം.
നമ്മൾക്കവസരമില്ലൊരു ലേശ, മൊ-
ന്നമ്മർത്ത്യരെക്കുറിച്ചോർക്കുവാൻകൂടിയും!

അത്യുന്നതമായ സംസ്കാരശൃംഗത്തി-
ലെത്തിയെന്നോർക്കും പരിഷ്കൃതരാണു നാം!
ആ നമ്മളെന്നാ, ലറിവീല, കഷ്ട, മാ
മാനവത്വത്തിൻ വെറും ബാലപാഠവും!
കണ്ടുപിടിത്തങ്ങൾകൊണ്ടു ശാസ്ത്രത്തിനെ-
ച്ചെണ്ടിടുവിച്ചു! സുഖിക്കുവാൻവേണ്ടി നാം!
എന്നാലവതൻ വിഷഫലമോരോന്നു-
തിന്നിതാ മൂർച്ഛിപ്പൂ നീതിധർമ്മാദികൾ.

ഇന്നു നാം ശക്തർ സ്ഥലകാലസീമകൾ
പിന്നിട്ടുപോലും ജയക്കൊടി നാട്ടുവാൻ.
എന്നാലിവകൊണ്ടു നേടിയ നേട്ടമോ?
ചെന്നിണം!- അയ്യോ, വെറും കുരുതിക്കളം!
ഓമൽസ്സഹജർതന്നസ്ഥികൂടങ്ങളാൽ
പൂമണിമേടകൾ തീർത്തു സുഖിപ്പു നാം!
ഒന്നിനൊന്നായ് സമസൃഷ്ടികളെത്തന്നെ
കൊന്നുതിന്നും വെറും കാട്ടുമൃഗങ്ങൾ നാം!
ചൂടും വെയിലും സഹിച്ചു സമൃദ്ധമായ്
പാടത്തു പച്ചപിടിപ്പിച്ച കർഷകൻ-
പങ്കയ്ക്കുകീഴിൽ നമുക്കുറങ്ങീടുവാൻ

ചങ്കുപൊട്ടുമ്മാറുഴകുമക്കർഷകൻ-
തങ്കനാണ്യങ്ങളാൽ നമ്മെ മൂടീട്ടുവാൻ
തൻജീവരക്തം ചൊരിയുമക്കർഷകൻ-
അക്കർഷകന്റെ മുതുകത്തിരുന്നു ഹാ,
ഞെക്കുന്നു വറ്റിവരണ്ടൊരത്തോണ്ട നാം.
ആ നിമിഷംതന്നെ നാം പ്രസംഗിക്കുന്നു;-
'ഹാ, നമ്മളെല്ലാം നമിക്കണം നീതിയെ!'

'നീതി!- മനുഷ്യൻ മനുഷ്യനെത്തിന്നുന്ന
നീതി!- ലോകത്തിന്റെ നീതിയിതാണുപോൽ!!
ഉദ്ധാരണത്തിനുമാകാതധഃപതി-
ച്ചത്രമാത്രം നീ ദുഷിച്ചുപോയ്, ലോകമേ!
പാടേ, യൊരു കൊടുങ്കാറ്റു വ, ന്നിന്നുള്ള
പാഴ്മരച്ചാർത്തുകൾ വെരറ്റു വീഴണം!
കുന്നും കുഴിയും നികന്നക, ന്നൊക്കെയു-
മൊന്നാ, യൊരോമൽസ്സമതലമാകണം!
തെല്ലുമലസരായാരും നശിച്ചിടാ-
തെല്ലാരുമോരോ തൊഴിലാളിയാവണം!
ദാസനും നാഥനുമില്ലാതെ മേൽക്കുമേൽ
ഭാസിയ്ക്കണം തോളുരുമ്മിസ്സഹജർ നാം!

അപ്പരിവർത്തന, മഭ്യൂദയത്തിലേ-
യ്ക്കപ്രതിരോദ്ധ്യമാമപ്പരിവർത്തനം
സംഭവിച്ചെങ്കി, ലതിൽനിന്നു മാത്രമേ
സംഭൃതമാകൂ സമാധാനസൗരഭം!
അന്നാണുദയം, വെളിച്ചം പരിഷ്കാര-
മന്നോളവും നാമിരുട്ടിലാണെപ്പൊഴും!
കഷ്ടം, മനുഷ്യൻ മനുഷ്യനായ്ത്തീരുമാ-
സ്സുപ്രഭാതം വന്നുദിപ്പതെന്നാണിനി?
വിശ്വസമാധാനദായിയാമപ്രേമ-
വിപ്ലവം കാറ്റുവീശുന്നതെന്നാണിനി?
കാന്തവിശാലമാം സ്വാതന്ത്ര്യസീമയിൽ
ശാന്തി പുല്ലാങ്കുഴലൂതുന്നതെന്നിനി! ....

-13-2-1937

## വിജയഗീതം

(പാലക്കാട്ടു സാഹിത്യപരിഷത്തിൽ വായിച്ചത്)

മുന്നോട്ടടങ്ങാത്ത നിൻകൊടുങ്കാറ്റിന്റെ
വെന്നിക്കൊടിയുമായ്പ്പോക യുവത്വമേ!

അത്യുച്ചമാം നിന്നിരമ്പൽ ദൂരത്തുനി-
ന്നെത്തുന്നതവ്യക്തമാണെന്നിരിക്കിലും
പേർത്തും വിറച്ചുതുടങ്ങിയുണക്കില-
ച്ചാർത്തുകളാർത്തിയാർന്നൽക്കടഭീതിയാൽ!
വെള്ളിത്തലമുടി പൂണ്ട നൂറ്റാണ്ടുക-
ളുള്ളഴിഞ്ഞേകിയ മംഗളാശംസകൾ
ഉൾക്കൊണ്ടു ശാശ്വതത്വം സ്വയം ഭാവിച്ചു
നിൽക്കും മഹാവൃക്ഷസഞ്ചയം ക്കുറ്റിയും,
കമ്പിതശാഖയാൽ കൈമലർത്തിപ്പാര-
മമ്പരപ്പോട്ടുറ്റുനോക്കുന്നു ചുറ്റിലും!
വെമ്പി വിളറിത്തുടങ്ങി, യുഷസ്സിന്റെ
മുമ്പിലുത്തുംഗസ്ഥകാഞ്ചനതാരകൾ.
മുന്നോട്ടടങ്ങാത്ത നിൻകൊടുങ്കാറ്റിന്റെ
വെന്നിക്കൊടിയുമായ്പ്പോക്കു യുവത്വമേ!
നഷ്ടംവരാനെന്തിരിക്കുന്നു, ഹാ, കുറെ
ക്ഷുദ്രപത്രങ്ങൾ കൊഴിഞ്ഞു വീഴുന്നതിൽ?
പാതവക്കത്തെച്ചിലന്തിനൂൽക്കെട്ടുകൾ
പാദ പാതത്തിൽ തകർന്നു പോകുന്നതിൽ?
അഭ്രാനനം, മുകർന്നാട്ടും മരങ്ങളോ-
ടൊപ്പമീയോമൽതൃണങ്കുരശ്രേണിയും
സന്തതമാസ്വദിച്ചീടട്ടനന്തമാ-
മന്തരീക്ഷത്തിൻ വിശുദ്ധവായുക്കളെ!
നീയതിൽ നിത്യം വിഷപ്പുക ചേർക്കയോ,
നീതി നിർമ്മിക്കുന്ന നിർദ്ദയസ്വാർത്ഥതേ?
നിന്നസ്തിവാരം തകരാൻ തുടങ്ങി, നീ
നിന്നു കാലൂന്നിയാലില്ല ഫലമിനി.

മുന്നോട്ടടങ്ങാത്ത നിൻ കൊടുങ്കാറ്റിന്റെ
വെന്നിക്കൊടിയുമായ്പ്പോകൂ യുവത്വമേ!

കർഷകരാജ്യമതിങ്കലാകർഷക-
ഹർഷപുളകം മുളയ്ക്കട്ടെ മേൽക്കുമേൽ!
കുന്നുകൾ വീണു കുഴികൾ നികരട്ടെ.
വിണ്ണിൻ വെളിച്ചം കുടിക്കട്ടെ ജീവികൾ
സസ്മിതം സീമയറ്റുല്ലസിച്ചീടട്ടെ,
സസ്യസമൃദ്ധസമതലഭൂമികൾ!
ഓരോപരിവർത്തനങ്ങൾ കളകള-
ധാരയിൽ മുക്കട്ടെ ജീവിതത്തോപ്പുകൾ!
എപ്പൊഴും വീണവായിച്ചുകൊണ്ടെത്തിട-
ട്ടഭ്യുദയങ്ങളാമപ്സരഃകന്യകൾ!
മന്ദിരം തോറുമനാരതം സ്വാതന്ത്ര്യ-
മന്ത്രഘോഷങ്ങൾ മുഴങ്ങട്ടെമേൽക്കുമേൽ!

മുന്നോട്ടടങ്ങാത്ത നിൻ കൊടുങ്കാറ്റിന്റെ
വെന്നിക്കൊടിയുമായ്പ്പോകൂ യുവത്വമേ!
-30-12-1940

## പരിവർത്തനം

ഭാവസാന്ദ്രോദ്യൽസ്മിതാങ്കിതോത്ഫുല്ലമാം
ജീവിതത്തിന്റെ വസന്തം കഴിഞ്ഞുപോയ്.
എങ്ങോ പറന്നുപോയെന്നിൽനി, ന്നെപ്പൊഴും
സംഗീതധാര ചൊരിഞ്ഞൊരച്ചിന്തകൾ.
എല്ലാം കഴിഞ്ഞു, വിരിഞ്ഞമലരുക-
ളെല്ലാം കൊഴിഞ്ഞു, മറഞ്ഞു പരിമളം!

സ്പന്ദിപ്പതില്ലെൻപരിസരം, സൗന്ദര്യ-
ശിഞ്ജിതത്താലിന്നു, പണ്ടത്തെ മാതിരി.
കാണുമാറില്ല ഞാനിന്നു, വന്നെൻമുന്നിൽ
നാണം കുണുങ്ങുന്ന പൊന്നിൻകിനാക്കളെ.
കൽപനകോടികൾതൻ കണ്മുനകളാ-
ലുൽപലമാലകൾ ചാർത്തിടാറില്ല ഞാൻ.
നീറുന്ന മന്മനം, ഹന്ത ദുഷ്കാലമേ,
നീയെന്തിനേകിയതിപ്പരിവർത്തനം?

കർമ്മക്രമങ്ങൾതന്നത്തുംഗഭീമമാം
കന്മതിലാണിന്നു, കഷ്ടം, മെൻ ചുറ്റിലും
ചൂടും വെളിച്ചവും കേറാത്ത പാഴ്നിഴൽ-
പ്പാടുകൾതൻ പ്രേതലോകത്തിലാണു ഞാൻ.
ഒന്നനങ്ങാൻകൂടി വയ്യെനി,യ്യെൻകാൽക-
ളൊന്നിച്ചുപൂട്ടിമിച്ചങ്ങലച്ചുറ്റിനാൽ!
ശുഷ്കിച്ചുണങ്ങിവരണ്ടൊരക്കങ്ങളെ
ഞെക്കിഞെരടിക്കുഴയുമെൻകൈകളാൽ
മാടിവിളിപ്പൂ ഞാൻ പിന്നെയും നിങ്ങളെ-
മൂടുപടമിട്ട തങ്കക്കിനാക്കളേ!

പ്രജ്ഞയ്ക്കൊരെത്തുംപിടിയും കൊടുക്കാത്തൊ-
രജ്ഞാതമാം ശപ്തസർഗ്ഗപ്രഭാവമേ,
ഈ വിശപ്പിക്കുന്ന ലോകത്തിൽ, മർത്ത്യനാ-
യാവിർഭവിപ്പിച്ചതെന്തിനാണെന്നെ നീ?

നാക്കും പുറത്തിട്ടലഞ്ഞു നടക്കുമാ-
നായ്ക്കൾക്കുപോലും കഴിയാം സ്വതന്ത്രമായ്!
ജീവിതഭാരവും പേറി, യനങ്ങുവാ-
നാവാതിരുന്നു നരകിപ്പതില്ലവ!
ആരുമവയോടസൂയപ്പെട്ടുന്നുമി-
ല്ലാരുമപഹസിയ്ക്കുന്നില്ലൊരിക്കലും.
ജീവിതത്തോടു ചെന്നേറ്റുമുട്ടുമ്പോഴെൻ-
ജീവൻ മുഴുക്കെപ്പരുക്കേറ്റടിവു ഞാൻ.
അൽപേതരോന്മദം താവും ഹൃദയവു-
മശ്രൂബിന്ദുക്കളണിയും മുഖവുമായ്,
മൽപതനത്തിനു സാക്ഷ്യം വഹിക്കുവാൻ
സസ്പൃഹമെത്തുന്നു ചുറ്റും സഖാക്കളും!
എന്തിതോ ലോകം; 'ഇവിടെ ജീവിക്കലാ-
ണെന്തിനേക്കാളും വിഷമം നിനയ്ക്കുകിൽ!! ....

പോകട്ടെ സർവ്വവും, പൊള്ളയായ്ത്തീരട്ടെ
ലോക, മെനിക്കതിലില്ല മേ കുണ്ഠിതം.
മുന്നേക്കണക്കിനി മേലില്ല, മാക്കളിർ-
പ്പൊന്നിൻ കിനാക്കളെൻമുന്നിൽ വന്നാൽ മതി,
ശോകം തുളുമ്പുമെന്നേകാന്തതയിലും
നാകം രചിക്കാനവയ്ക്കുണ്ടു വൈഭവം!
കോമളമാമക്കരസ്പർശമാത്രയിൽ-
ക്കോള്മയിർക്കൊള്ളുമെന്നാത്മാവു കൂടിയും!
നിസ്തുലമാമൊരു നിർവ്വതിതൻ ഹൃദ്യ-
മദ്യലഹരിയിൽ മത്തടിച്ചങ്ങനെ,
ആടിയും പാടിയും ശാന്തിതൻ കൽപക-
വാടിയിൽ നീളെ വിഹരിക്കുമെൻ മനം.
ഇന്നിക്കൊടും കൽത്തുറുങ്കിനകത്തുനി-
ന്നെന്നെ നീ കാലമേ വിട്ടയയ്ക്കേണമേ!
-29-7-1943.

പ്രസാധകർ

താളിളക്കം